I ഇ.ബി. XIII-കേരള നിയമസഭ/XV-10

# പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2015 ഡിസംബർ 16, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. പാലോട് രവിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

## അടിയന്തരപ്രമേയം

ആരോഗ്യമേഖലയുടെ തകർച്ച

മി. ഡെപ്യൂട്ടി സ്പീക്കർ: രോഗവ്യാപനത്തിൽ സങ്കീർണ്ണമായ സാഹചര്യങ്ങൾ നേരിടുമ്പോഴും ഡോക്ടർമാരെയും പാരാമെഡിക്കൽ ജീവനക്കാരെയും നിയമിക്കാതിരിക്കുകയും ജീവൻരക്ഷാ മരുന്നുകളുടെ അഭാവം, മരുന്നുകളുടെ വിലക്കയറ്റം, ആശുപത്രികളുടെ ശോച്യാവസ്ഥ തുടങ്ങിയവ പൊതു ആരോഗ്യമേഖലയെയാകെ തകർക്കുകയും, ചികിത്സ ലഭിക്കാതെ നിരവധി പേരുടെ ജീവൻ അപഹരിക്കപ്പെടുകയും ചെയ്തതായി പറയപ്പെടുന്നതുമൂലം ഉളവായിട്ടുള്ള

സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. എസ്. സുനിൽകുമാർ, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): കൊല്ലം അച്ചൻകോവിലിലെ ആദിവാസി ബാലികയായ രാധികയെ പനി ബാധിച്ച് പി.എച്ച്.സി. യിലേക്ക് കൊണ്ടുപോകുന്ന വഴിയിൽ മരണപ്പെട്ടു എന്നാണ് ലഭിച്ച വിവരം. ചികിത്സ ലഭിക്കാതെ മരിച്ചു എന്ന വാദം ശരിയല്ല. ഇതുസംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ഡി.എം.ഒ.യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മാനന്തവാടി ജില്ലാ ആശുപത്രിയിൽനിന്ന് തിരിച്ചയയ്ക്കപ്പെട്ട ഗർഭിണിയായ ആദിവാസി യുവതി വഴിയിൽവച്ച് പ്രസവിക്കാൻ ഇടയാകുകയും അവരുടെ മൂന്ന് കുട്ടികൾ മരണപ്പെടുകയും ചെയ്തതു സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിയതിൽ കാൾ ഡ്യൂട്ടിയിലുണ്ടായിരുന്ന ഡോക്ടർ ഡ്യൂട്ടിക്ക് ഹാജരാകാത്തതാണെന്ന് മനസ്സിലാകുകയും അവരെ സസ്പെന്റ് ചെയ്യുകയും മെഡിക്കൽ ഓഫീസർക്കും സ്റ്റാഫ് നഴ്സിനുമെതിരെ നടപടിക്ക് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ച് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സർക്കാരാശുപത്രികളിൽ

ഡോക്ടർമാരേയും മതിയായ ജീവനക്കാരേയും നിയമിക്കുന്നതിന് ഘട്ടംഘട്ടമായി നടപടി സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ ആശുപത്രികളിലും ജീവൻ രക്ഷാ മരുന്നുകൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ഫലപ്രദമായ രീതിയിൽ വിതരണം ചെയ്യുന്നുണ്ട്. അടിയന്തരപ്രമേയ നോട്ടീസിൽ സൂചിപ്പിച്ച വിഷയങ്ങളിലെല്ലാം സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ഡോക്ടർമാരേയും മറ്റ് ജീവനക്കാരെയും നിയമിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുവരെയുള്ള സർക്കാരാശുപത്രികളിൽ ആയിരത്തോളം ഡോക്ടർമാരുടെ തസ്തികകൾ ഒഴിഞ്ഞ് കിടക്കുകയാണ്. പല താലൂക്കാശുപത്രികളിലും സ്പെഷ്യലൈസ്ഡ് ഡോക്ടർമാരുടെ അഭാവമുണ്ട്. ആദിവാസി വിഭാഗങ്ങളുടെ ആരോഗ്യരക്ഷയ്ക്കായി കേന്ദ്രസർക്കാർ അനുവദിക്കുന്ന തുക ഫലപ്രദമായി വിനിയോഗിക്കാത്തതിനാൽ ചികിത്സ കിട്ടാതെ മരണപ്പെടുന്ന അവസ്ഥയാണുള്ളത്. കൊല്ലം അച്ചൻകോവിൽ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ഡോക്ടർ ഇല്ലാത്തതിനാൽ ചികിത്സ ലഭിക്കാതെ രാധിക എന്ന ആദിവാസി ബാലികയും മാനന്തവാടി ജില്ലാ ആശുപത്രിയിൽ ഗർഭിണിയായ ആദിവാസി യുവതിക്ക് ചികിത്സ ലഭിക്കാത്തതിന്റെ ഫലമായി മൂന്ന്

കുഞ്ഞുങ്ങളും മരണപ്പെട്ട ഗുരുതരമായ സ്ഥിതിവിശേഷമാണുള്ളത്. ആദിവാസി ഊരുകളിൽ പോഷകാഹാരത്തിനും മരുന്നിനും ദൗർലഭ്യം അനുഭവപ്പെടുകയാണ്. അവിടെയുള്ള പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നില്ല. ആദിവാസി ക്ഷേമത്തിനായി കേന്ദ്രസർക്കാർ നൽകുന്ന ഫണ്ട് വകമാറ്റി ചെലവഴിക്കുകയാണ്. ലോകത്തിനുതന്നെ മാതൃകയായ കേരളത്തിലെ പൊതുജനാരോഗ്യ മേഖല ഇന്ന് തകർച്ചയുടെ വക്കിലാണ്. താലൂക്ക്-ജില്ലാ-മെഡിക്കൽ കോളേജ് ആശുപത്രികളിലെ നിലവിലുള്ള ഡോക്ടർമാരുടെ ഒഴിവുകൾ നികത്താൻ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. പകർച്ചവ്യാധികൾ ബാധിച്ച് മരണപ്പെടുന്നവരുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരികയാണ്. വയനാട്, അട്ടപ്പാടി ആദിവാസി മേഖലകളിൽ ശിശുമരണ നിരക്ക് വർദ്ധിക്കുകയാണ്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന മരുന്നുകൾ വിലനിയന്ത്രണ പട്ടികയിൽ ഉൾപ്പെടുത്താനും കോർപ്പറേഷനെ പ്രതിസന്ധിയിൽ നിന്നും കരകയറ്റാനും നടപടി സ്വീകരിക്കണം. സംസ്ഥാന സർക്കാരും ഫാർമസ്യൂട്ടിക്കൽ കമ്പനികളും ഏജൻസികളും ചേർന്ന് ആരോഗ്യരംഗത്തെ കൊള്ളയടിക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്. കാരുണ്യ ഫാർമസി പുനരുജ്ജീവിപ്പിക്കുന്നതോടൊപ്പം കേരളത്തിലെ മെഡിക്കൽ കോളേജുകളിലേയും താലൂക്ക്-ജില്ലാ ആശുപത്രികളിലേയും ശോചനീയാവസ്ഥ പരിഹരിച്ച് ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഡോക്ടർമാർ,

സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ, പാരാ മെഡിക്കൽ ജീവനക്കാർ എന്നിവരുടെ ഒഴിവുകൾ നികത്തുന്നതിനും യഥാസമയം മരുന്ന് ലഭ്യമാക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തണം. ആരോഗ്യരംഗത്ത് മുൻകാലങ്ങളിൽ നേടിയെടുത്ത നേട്ടങ്ങളെ ഇല്ലാതാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. അതീവഗുരുതരമായ ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): അച്ചൻകോവിലിൽ ആദിവാസി പെൺകുട്ടി മരണപ്പെട്ട സംഭവവുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. അട്ടപ്പാടി, മാനന്തവാടി മേഖലകളിലുണ്ടായ പ്രശ്നങ്ങളെത്തുടർന്ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ വകുപ്പുതല പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അട്ടപ്പാടി പാക്കേജിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളുടെ ഫലമായി ശിശുമരണ നിരക്ക് കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ പട്ടികവർഗ്ഗക്ഷേമം, സാമൂഹ്യനീതി, ആരോഗ്യം എന്നീ വകുപ്പുകൾ സംയുകത്മായി ഇടപെട്ട് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതാണ്. ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും ഒഴിവുകൾ നികത്തുന്നതിനാവശ്യമായ തസ്തികകൾ

സൃഷ്ടിച്ചിട്ടുണ്ട്. നിലവിലുള്ള 185 അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകളും കാഷ്വാലിറ്റിയില്ലാത്ത 37 താലൂക്കാശുപത്രികളിൽ ഡോക്ടർമാരെ നിയമിക്കുന്നതിനായി സൃഷ്ടിച്ച 148 തസ്തികകളിലേയ്ക്കുള്ള ഒഴിവുകളും നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ താലൂക്ക് ആശുപത്രികളിൽ ദന്തൽ സർജന്മാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള ഒഴിവുകൾ എത്രയും വേഗം നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. പ്രൈമറി ഹെൽത്ത് സെന്ററുകൾ വഴി ഫീൽഡ് വർക്ക് നടത്തി പകർച്ചവ്യാധികൾ ഫലപ്രദമായ രീതിയിൽ തടയാനുള്ള നടപടികൾ സ്വീകരിച്ചു. അഞ്ച് ജില്ലകളിൽ നടപ്പാക്കിയ ജീവിതശൈലി രോഗ പ്രതിരോധ പ്രവർത്തനങ്ങൾ മറ്റ് ജില്ലകളിൽക്കൂടി വ്യാപിപ്പിക്കുന്നതാണ്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖാന്തിരം മരുന്ന് ലഭ്യമാക്കാൻ സാധിക്കാത്ത ആശുപത്രികളിൽ ലോക്കൽ പർച്ചേസിനുള്ള തുക അനുവദിച്ചിട്ടുണ്ട്. 39 കാരുണ്യ ഫാർമസികൾ ആരംഭിക്കുകയും 11 എണ്ണം പുതുതായി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മരുന്ന് വില കുറയ്ക്കണമെന്ന നിവേദനം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് 3000 കോടി രൂപയുടെയും നിലവിലുള്ള മെഡിക്കൽ കോളേജുകളിൽ 500 കോടിയിൽപ്പരം രൂപയുടെയും വികസന പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇതോടൊപ്പം

സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കാര്യങ്ങൾക്ക് എത്രയും പെട്ടെന്ന് പരിഹാരം കണ്ടെത്തുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി): പട്ടികവർഗ്ഗ വികസന വകുപ്പ് സമഗ്ര ആരോഗ്യ ചികിത്സാ പദ്ധതിക്കായി ഈ വർഷം അനുവദിച്ച പത്ത് കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിനാവശ്യമായ മുഴുവൻ തുകയും അട്ടപ്പാടി മേഖലയിൽ ചികിത്സയുമായി ബന്ധപ്പെട്ട് നൽകാനുണ്ടായിരുന്ന തുകയിൽ 30 ലക്ഷം രൂപയും ആശുപത്രികളിൽ അഡ്മിറ്റ് ചെയ്യുന്ന രോഗികൾക്കുള്ള ഭക്ഷണത്തിനായി ഒരു കോടി രൂപയും അനുവദിച്ചിട്ടുണ്ട്. രോഗികളുടെ കൂട്ടിരിപ്പുകാർക്ക് നൽകിക്കൊണ്ടിരുന്ന തുക 200 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. അച്ചൻകോവിലിലെ ആദിവാസി ബാലികയുടെ മരണത്തെക്കുറിച്ച് അന്വേഷിക്കാൻ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ആവശ്യമായ ധനസഹായം നൽകാനുള്ള നടപടി സ്വീകരിക്കുന്നതുമാണ്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്. അച്ചുതാനന്ദൻ, ഇ. ചന്ദ്രശേഖരൻ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്നും പുറത്തുപോകുകയും അൽപ്പസമയത്തിനു ശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) തെരുവ് നായ്ക്കളുടെ ആക്രമണം

ചീഫ് വിപ്പ് (ശ്രീ. തോമസ് ഉണ്ണിയാടൻ): സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട ഒരു സാമൂഹ്യപ്രശ്നമായി തെരുവ് നായ്ക്കളുടെ ആക്രമണം മാറിയിരിക്കുകയാണ്. ഏതാണ്ട് അഞ്ച് ലക്ഷത്തിലധികം തെരുവ് നായ്ക്കൾ സംസ്ഥാനത്തുണ്ടെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ഇവയുടെ ആക്രമണത്തിൽ മനുഷ്യർക്കും വളർത്തുമൃഗങ്ങൾക്കും പരിക്കേൽക്കുന്നുണ്ട്. കഴിഞ്ഞ വർഷം പേവിഷബാധയേറ്റ് എട്ടോളം പേർ മരണപ്പെടുകയുണ്ടായി. ഇതിനുള്ള പ്രതിരോധ മരുന്ന് മിക്ക ആശുപത്രികളിലും ലഭ്യമല്ല. തെരുവുകളിലെ ഉടമസ്ഥരില്ലാത്ത നായ്ക്കളുടെ വർദ്ധനവിന് ശാശ്വത പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല. അപകടകാരികളായ തെരുവ് നായ്ക്കളെ കൊല്ലാമെന്ന് പാർലമെന്റ് പാസ്സാക്കിയ നിയമത്തിലും ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും വിധികളിലും

പരാമർശിച്ചിട്ടുണ്ടെങ്കിലും ഫലപ്രദമായ നടപടി ഉണ്ടാകുന്നില്ല. മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിലും അപകടകാരികളായ തെരുവ് നായ്ക്കളെ ഉന്മൂലനം ചെയ്യണമെന്ന തീരുമാനമാണെടുത്തിട്ടുള്ളത്. തെരുവ് നായ്ക്കളെ ഉന്മൂലനം ചെയ്യുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുന്നതിന് സർക്കാർ തയ്യാറാകണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി</u>): തെരുവ് നായ്ക്കളുടെ ശല്യം നിയന്ത്രിക്കുന്നതിന് വന്ധ്യംകരണം ഉൾപ്പെടെ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരികയാണ്. നിയമത്തിന്റെ പിൻബലമില്ലാത്തതിനാൽ ഇവയെ നിയന്ത്രിക്കുന്നതിന് ഫലപ്രദമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സാധിക്കുന്നില്ല. തെരുവ് നായ്ക്കളുടെ ശല്യത്തിനെതിരെ വ്യക്തികളും സംഘടനകളും സമര രംഗത്തിറങ്ങിയിട്ടുണ്ട്. സംസ്ഥാന സർക്കാരിനെയോ വകുപ്പിനെയോ അറിയിക്കാതെ കഴിഞ്ഞ ദിവസം കേന്ദ്രമന്ത്രി ശ്രീമതി മേനകാ ഗാന്ധി തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയെ നേരിൽ വിളിച്ച് നിർദ്ദേശങ്ങൾ നൽകിയത് സർക്കാർ ഗൗരവത്തോടെയാണ് കാണുന്നത്. തെരുവുനായശല്യം നിയന്ത്രിക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സർവ്വകക്ഷിയോഗം വിളിക്കുകയും കർശന നടപടികൾ സ്വീകരിക്കുകയും

ചെയ്തിട്ടുണ്ട്. പേബാധയുള്ളതും അക്രമകാരികളുമായ നായ്ക്കളെ കൊല്ലുന്നതിനുള്ള അനുമതി തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. വീട്ടിൽ വളർത്തുന്നതുൾപ്പെടെയുള്ള എല്ലാ നായ്ക്കളെയും കുത്തിവയ്ക്കുന്നതിനും സ്റ്റെറിലൈസ് ചെയ്യുന്നതിനുമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ മൃഗസംരക്ഷണ വകുപ്പ് പദ്ധതി തയ്യാറാക്കുകയും ഇതിനാവശ്യമായ പോളി ക്ലിനിക്കുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിനുള്ള പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തെരുവുനായ്ക്കളെ വന്ധ്യംകരണത്തിനും പേവിഷ പ്രതിരോധ കുത്തിവയ്പ്പിനുംശേഷം ഷെൽറ്ററുകൾ നിർമ്മിച്ച് പാർപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് എല്ലാവിധ നടപടികളും സ്വീകരിക്കുന്നതാണ്.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): ജനങ്ങളുടെ സ്വൈരജീവിതത്തിന് ഭീഷണിയായി വിഹരിക്കുന്ന തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്വീകരിക്കുന്നുണ്ട്. ജനങ്ങളുടെ സുരക്ഷയ്ക്ക് പ്രഥമ പരിഗണന നൽകി പ്രസ്തുത നടപടികൾ വിപുലീകരിക്കുന്നതാണ്. ആക്രമണകാരികളും പേബാധിച്ചതുമായ നായ്ക്കളെ ഉന്മൂലനം ചെയ്യുന്ന കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്.

(2) വിവിധ ഭവനനിർമ്മാണ പദ്ധതികളുടെ പൂർത്തീകരണം

ശ്രീ. എ. കെ. ബാലൻ: പട്ടികജാതി-പട്ടികവർഗ്ഗമുൾപ്പെടെയുള്ള ദുർബല ജനവിഭാഗങ്ങൾക്കായി വിവിധ വകുപ്പുകൾ ആവിഷ്ക്കരിച്ചിട്ടുള്ള ഭവനനിർമ്മാണ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് സർക്കാർ കാര്യക്ഷമമായ നടപടി സ്വീകരിക്കണം. ബഡ്ജറ്റിൽ പ്രഖ്യാപിച്ച പല ഭവനനിർമ്മാണ പദ്ധതികളും പ്രഖ്യാപനങ്ങളായി അവശേഷിക്കുകയാണ്. പെട്രോളിനും ഡീസലിനും ചുമത്തിയ അധികനികുതി വിഹിതമുപയോഗിച്ച് പാവപ്പെട്ടവർക്ക് വീട് നിർമ്മിച്ച് നൽകുമെന്ന വാഗ്ദാനം പാലിക്കപ്പെട്ടിട്ടില്ല. ഇന്ദിരാ ആവാസ് യോജന പദ്ധതിയുടെ സംസ്ഥാന വിഹിതം കുടിശ്ശികയാണ്. കഴിഞ്ഞ അഞ്ചുവർഷമായി വിവിധ വകുപ്പുകളിൽ ഭവനനിർമ്മാണത്തിനായി വകയിരുത്തിയിട്ടുള്ള മുഴുവൻ തുകയും വിനിയോഗിച്ച് മുടങ്ങിക്കിടക്കുന്ന ഭവനനിർമ്മാണ പദ്ധതികൾ പൂർത്തീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): ഇന്ദിരാ ആവാസ് യോജന പദ്ധതിയുമായി ബന്ധപ്പെട്ട് കുടിശ്ശികയുണ്ടെന്ന പരാമർശം വസ്തുതാപരമല്ല, എല്ലാ ഗുണഭോക്താക്കൾക്കും ആവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഭവനരഹിതരായ ബഹുഭൂരിപക്ഷം പട്ടികജാതി കുടുംബങ്ങൾക്കും വീട് നിർമ്മിച്ചുനൽകുന്നതിന് സർക്കാർ നടപടി

സ്വീകരിച്ചിട്ടുണ്ട്. ഹഡ്കോ വായ്പ ലഭിക്കുന്നതിലുള്ള തടസ്സങ്ങൾ മാറ്റി ഐ.എ.വൈ. പദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചുവരികയാണ്. ഫിഷറീസ് വകുപ്പ് മുഖാന്തിരവും ഗൃഹശ്രീ, സാഫല്യം പദ്ധതികൾ മുഖാന്തിരവുമുള്ള വീട് നിർമ്മാണം പുരോഗമിച്ചുവരികയാണ്. പെട്രോളിനും ഡീസലിനും ചുമത്തിയിട്ടുള്ള അധിക നികുതി റോഡ് വികസനത്തിനും എം.എൻ. ലക്ഷം വീട് പദ്ധതിയിൽ ഉൾപ്പെട്ട 50000-ൽപ്പരം വീടുകൾ നവീകരിക്കുന്നതിനും ജനസമ്പർക്ക പരിപാടിയിൽ അപേക്ഷിച്ചവർക്കും സീറോ ലാന്റ് ലെസ് പദ്ധതിയിൽ ഉൾപ്പെട്ടവർക്കും വീട് വയ്ക്കാൻ ധനസഹായം നൽകുന്നതിനും ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വീടില്ലാത്തവർക്ക് വീടുവയ്ക്കുന്നതിനായി വീടൊന്നിന് ഒരു ലക്ഷം രൂപയും അധികമെടുക്കുന്ന തുകയ്ക്ക് 6.5 ശതമാനം പലിശ സബ്സിഡിയും കേന്ദ്ര സർക്കാർ നൽകാമെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് ഒരു ലക്ഷം വീടുകളുടെ പണി പൂർത്തീകരിക്കാനും വായ്പാ തിരിച്ചടവിന്റെ പൂർണ്ണ ഉത്തരവാദിത്വം സർക്കാർ ഏറ്റെടുക്കാനും തീരുമാനിച്ചിട്ടുണ്ട്. വിവിധ ഏജൻസികൾ മുഖാന്തിരമുള്ള ഭവന നിർമ്മാണ പദ്ധതികളുടെ പോരായ്മകൾ പരിഹരിക്കുന്നതിനും അവയെ ഏകോപിപ്പിച്ച് നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**സബ്മിഷൻ**

(1) ചേരി നിവാസികളുടെ കരം സ്വീകരിക്കൽ

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): റീസർവ്വേയിൽ സംഭവിച്ച പിഴവ് തിരുത്തി തിരുവനന്തപുരം പാളയം വാർഡിലെ ചേരി പ്രദേശത്ത് താമസിക്കുന്ന 81 കുടുംബങ്ങളുടെ കരം സ്വീകരിക്കുന്നതിന് നടപടിയുണ്ടാകണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): തൈക്കാട് വില്ലേജിൽ ബ്ലോക്ക് 9-ൽ റീസർവ്വേ നമ്പർ 84-ലും ബ്ലോക്ക് 16-ൽ റീസർവ്വേ നമ്പർ 86-ലും ഉൾപ്പെട്ട പരാമർശ സ്ഥലം റീസർവ്വേ റിക്കാർഡുകളിൽ പുറമ്പോക്ക്/ കുളംപുറമ്പോക്കായി രേഖപ്പെടുത്തിയിരുന്നതിനാലാണ് 2008-നുശേഷം കരം അടയ്ക്കാൻ സാധിക്കാതിരുന്നത്. പ്രസ്തുത സ്ഥലം പുറമ്പോക്കിൽ നിന്നും ഇനംമാറ്റി റിക്കാർഡുകളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് കരം സ്വീകരിക്കുന്നതാണ്.

(2) കരാറുകാരുടെ ദുരിതാശ്വാസ കുടിശ്ശിക തുക

ശ്രീ. കെ. രാധാകൃഷ്ണൻ: സംസ്ഥാനത്തെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിൽപ്പെട്ട കുടിശ്ശിക തുക കരാറുകാർക്ക് അടിയന്തരമായി വിതരണം ചെയ്യുന്നതിനും മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് അനുവദിക്കുന്ന തുകയിൽ 75 ശതമാനം കേന്ദ്ര വിഹിതവും 25 ശതമാനം സംസ്ഥാന വിഹിതവുമാണ്. 2015-2020 കാലയളവിൽ 1022 കോടി രൂപയാണ് ഇതിനായി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത്. നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സർട്ടിഫിക്കറ്റും ഫിറ്റ്നസ് സർട്ടിഫിക്കറ്റും ഹാജരാക്കുന്ന മുറയ്ക്ക് മുൻഗണനാ ക്രമവും ഫണ്ടിന്റെ ലഭ്യതയുമനുസരിച്ച് ജില്ലാ കളക്ടർമാരാണ് തുക അനുവദിക്കുന്നത്. ഭരണാനുമതി ലഭിച്ച് വർഷങ്ങൾക്കുശേഷം നിർമ്മാണം പൂർത്തിയാക്കിയാണ് നിർവ്വഹണ ഏജൻസികൾ ഫണ്ടിനുള്ള അപേക്ഷ സമർപ്പിക്കുന്നത്. ഓരോ വർഷവും ബന്ധപ്പെട്ട ശീർഷകത്തിൽ അനുവദിച്ച തുകയിൽ നിന്ന് മാത്രമേ കുടിശ്ശിക തുക വിതരണം ചെയ്യാൻ കഴിയുകയുള്ളൂ. സംസ്ഥാന ദുരന്ത പ്രതികരണ നിധി ഉപയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ചതും കുടിശ്ശിക കൊടുത്തുതീർക്കാനുള്ളതുമായ പദ്ധതികളുടെ കഴിഞ്ഞ മൂന്ന് വർഷത്തെ വിവരങ്ങൾ സമർപ്പിക്കാൻ ജില്ലാ കളക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുക അനുവദിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(3) തീരദേശ വാസികൾ നേരിടുന്ന ബുദ്ധിമുട്ട്

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: തീരദേശ പരിപാലന നിയമം ബാധകമായ പഞ്ചായത്തുകളിലെ ജനങ്ങൾ വീട് നിർമ്മിക്കുന്നതിനുള്ള അനുവാദത്തിനായി സമർപ്പിച്ച അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): CRZ വ്യവസ്ഥകളിൽ മത്സ്യത്തൊഴിലാളികൾക്ക് ഇളവ് ലഭിക്കുന്നതിന് കേരളം സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ നിയോഗിച്ച സമിതി നൽകിയ റിപ്പോർട്ടിന് അനുകൂലമായ മറുപടി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. തീരദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് താൽക്കാലികമായി സഹായം കൊടുക്കേണ്ടതുണ്ടെങ്കിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അവ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

(4) <u>എൻഡോസൾഫാൻ ദുരിതബാധിതരുടെ ആവലാതികൾ</u>

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ക്യാമ്പ് നടത്തി അർഹരായവർക്ക് ആനുകൂല്യം നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ശിപാർശകളുടെ അടിസ്ഥാനത്തിൽ എൻഡോസൾഫാൻ ദുരിതബാധിതരിൽ

പൂർണ്ണമായും കിടപ്പിലായവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും അഞ്ച് ലക്ഷം രൂപ വീതവും ശാരീരിക വൈകല്യം ബാധിച്ചവർക്കും ക്യാൻസർ രോഗികൾക്കും മൂന്ന് ലക്ഷം രൂപ വീതവും ധനസഹായം അനുവദിക്കുകയും ഈ വകയിൽ രണ്ട് കോടി രൂപ ഇതിനോടകം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനായി ഭരണാനുമതി ലഭിച്ച 145 പദ്ധതികൾ പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(5) <u>1950-ലെ പ്രസിഡൻഷ്യൽ ഓർഡറിന്റെ മൂന്നാം ഖണ്ഡികയുടെ ഭേദഗതി</u>

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: ദളിത് ക്രൈസ്തവർക്ക് ഭരണഘടനാപരമായ അവകാശം ലഭിക്കുന്നതിന് 1950-ലെ പ്രസിഡൻഷ്യൽ ഓർഡറിന്റെ മൂന്നാം ഖണ്ഡിക ഭേദഗതി ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): പട്ടികജാതി വിഭാഗത്തിൽനിന്നും ക്രൈസ്തവമതം സ്വീകരിച്ചവർക്ക് സാമൂഹ്യമായ ഉയർച്ച ലഭ്യമായിട്ടുണ്ടെന്നുള്ള നിഗമനത്തിന്റെ അടിസ്ഥാനത്തിലാണ് ഭരണഘടനാപരമായ ആനുകൂല്യങ്ങൾ ലഭിക്കാതിരുന്നിട്ടുള്ളത്. അവരുടെ സാമൂഹ്യവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് സംസ്ഥാന സർക്കാർ വിദ്യാഭ്യാസ-സാമ്പത്തികാനുകൂല്യങ്ങൾ നൽകുന്നുണ്ട്. ഈ വിഭാഗത്തിന്റെ സാമ്പത്തിക

ഉന്നമനം ലക്ഷ്യമാക്കി 'പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ' പ്രവർത്തിക്കുന്നുണ്ട്. ഇവർക്ക് ഭരണഘടനാപരമായ അവകാശങ്ങൾ ലഭിക്കുന്നതിനായി ഭരണഘടനയിൽ ഭേദഗതി വരുത്തേണ്ടത് കേന്ദ്ര സർക്കാരാണ്.

(6) വിദ്യാഭ്യാസ വായ്പ തിരികെ ഈടാക്കുവാനുള്ള ചുമതല

ശ്രീമതി ഇ. എസ്. ബിജിമോൾ: വിദ്യാഭ്യാസ വായ്പ തിരികെ ഈടാക്കുവാനുള്ള ചുമതല എസ്.ബി.റ്റി. റിലയൻസിന്റെ അസറ്റ് റീ-കൺസ്ട്രക്ഷൻ കമ്പനിയെ ഏൽപ്പിച്ചിരിക്കുന്ന നടപടി നിർത്തിവയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വിദ്യാഭ്യാസ വായ്പ കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ ബാങ്കുകൾ ഉദാരസമീപനം സ്വീകരിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിന്മേൽ കേന്ദ്ര സർക്കാരിൽനിന്നും അനുകൂല മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ഈ പ്രശ്നം സാധ്യമായ എല്ലാ വേദികളിലും തുടർന്നും ഉന്നയിക്കുന്നതാണ്.

(7) കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എ.എ. അസീസ്: കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽ അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ സമയബന്ധിതമായി തുറന്ന്

പ്രവർത്തിപ്പിക്കുന്നതിനും ഡയറക്ടർ ബോർഡ് പുന:സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന്റെ ഭാഗമായി ആവശ്യമായ ഫണ്ട് അനുവദിച്ച് ലഭ്യമായ ഇടങ്ങളിൽനിന്നും ഇ-ടെണ്ടറിലൂടെ തോട്ടണ്ടി ശേഖരിക്കുന്നതിനും ഉദ്യോഗസ്ഥ തലത്തിൽ ഡയറക്ടർ ബോർഡ് പുന:സംഘടിപ്പിക്കുന്നതിനും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## (8) ഭാരതപ്പുഴ നദീതട വികസന അതോറിറ്റി

ശ്രീ. സി.പി. മുഹമ്മദ്: ഭാരതപ്പുഴയുടേയും പോഷകനദികളുടേയും സംരക്ഷണത്തിനായി ഭാരതപ്പുഴ നദീതട വികസന അതോറിറ്റി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): നദികളും ജലസ്രോതസ്സുകളും മലിനമാക്കപ്പെടുന്നത് തടയുകയെന്ന ലക്ഷ്യത്തോടെ സർക്കാർ രൂപീകരിച്ചിട്ടുള്ള കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിന്റെ അടിസ്ഥാനത്തിൽ നദികളുടെയും ജൈവവൈവിധ്യങ്ങളുടെയും സംരക്ഷണത്തിനായി വിവിധ വകുപ്പുകളുടെ ഏകോപന പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

## (9) കുന്നമ്മൽ കുടിവെള്ള പദ്ധതി പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ഇ.കെ. വിജയൻ: കുന്നമ്മൽ കുടിവെള്ള പദ്ധതി അടിയന്തരമായി കമ്മീഷൻ ചെയ്യാനും പദ്ധതി പ്രദേശത്തെ തകർന്നുകിടക്കുന്ന റോഡുകൾ പുനരുദ്ധരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): നാദാപുരം മണ്ഡലത്തിലേയും സമീപപ്രദേശങ്ങളിലേയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി വിഭാവന ചെയ്തിട്ടുള്ള കുന്നമ്മൽ ശുദ്ധജല വിതരണ പദ്ധതിയുടെ കിണർ, പമ്പ് ഹൗസ്, പമ്പ് സെറ്റ്, പമ്പിംഗ് മെയിൻ, വിതരണ ശൃംഖല എന്നിവയുടെ നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. റോഡ് കുഴിച്ച് പൈപ്പ് സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽനിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് 2016 മാർച്ച് മാസത്തോടുകൂടി പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതാണ്.

(10) പാഠ്യപദ്ധതിയിൽ കൃഷി സംസ്കാരം ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത

ഡോ. എൻ. ജയരാജ്: കൃഷിയെപ്പറ്റിയും കാർഷിക സംസ്കാരത്തെപ്പറ്റിയും പുതിയ തലമുറയിൽ അവബോധം സൃഷ്ടിക്കുന്നതിനായി പ്രസ്തുത വിഷയം പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): കാർഷിക സംസ്കാരം തിരിച്ചറിയുന്നതിന്റെയും വരും തലമുറയെ

കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിന്റെയും ഭാഗമായി കൃഷി സ്ഥലം ലഭ്യമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കൃഷി ചെയ്യുന്നതിന് 500 രൂപവീതം ധനസഹായം നൽകിവരുന്നുണ്ട്. കൃഷിയോട് ആഭിമുഖ്യമുള്ള അമ്പത് ലക്ഷം വിദ്യാർത്ഥികൾക്ക് തങ്ങളുടെ വീട്ടുവളപ്പിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി പച്ചക്കറിവിത്ത് കിറ്റുകൾ സൗജന്യമായി നൽകിയതിന് പുറമെ സുരക്ഷിത പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ കൈപ്പുസ്തകവും നൽകിയിട്ടുണ്ട്. ഉറവിടത്തിൽതന്നെ മാലിന്യം സംസ്കരിക്കുകയെന്ന നയത്തിന്റെ അടിസ്ഥാനത്തിൽ സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് ജൈവകൃഷി പ്രോത്സാഹിപ്പിച്ചുവരുന്നുണ്ട്. ആധുനിക കൃഷി രീതികൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽ ഇവ ഉൾപ്പെടുത്തുകയും ആഴ്ചയിൽ ഒരു പീരിയഡ് കാർഷിക പാഠങ്ങൾക്കായി നീക്കിവയ്ക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രിയുമായും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായും ചർച്ച നടത്തുന്നതുമാണ്.

## (11) <u>ആന്തൂർ നഗരസഭയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ</u>

<u>ശ്രീ. ജെയിംസ് മാത്യു</u>: പുതുതായി രൂപീകരിച്ച ആന്തൂർ നഗരസഭയ്ക്ക് ആവശ്യമായ കെട്ടിട സൗകര്യവും സ്ഥിര ജീവനക്കാരെയും നൽകി പ്രവർത്തന

സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ആന്തൂർ നഗരസഭയുടെ അടിസ്ഥാനസൗകര്യ വികസനത്തിന് തളിപ്പറമ്പ് നഗരസഭയുടെ തനത് ഫണ്ടിൽനിന്ന് 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പുതുതായി രൂപീകരിച്ച 28 നഗരസഭകൾക്കും അടിസ്ഥാനസൗകര്യ വികസനത്തിനായി ഒരു കോടി രൂപ വീതം അധിക തുക അനുവദിച്ച് നൽകുന്നതിനുള്ള നഗരകാര്യ ഡയറക്ടറുടെ ശിപാർശ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. തളിപ്പറമ്പ് നഗരസഭയിൽ സേവനം അനുഷ്ഠിക്കുന്നവരിൽ നിന്ന് ഒരു സൂപ്രണ്ട്, ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ് എന്നിവരെ ആന്തൂർ നഗരസഭയിലേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുതായി രൂപീകരിച്ച നഗരസഭകളിൽ ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജനസംഖ്യാനുപാതികമായ ഫണ്ടുകൾ നഗരസഭകൾക്ക് അനുവദിക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(12) വിദ്യാഭ്യാസ സംവരണം

ശ്രീ. ലൂഡി ലൂയിസ്: കേരളത്തിലെ ആർട്സ് & സയൻസ് കോളേജുകളിൽ ആംഗ്ലോ ഇൻഡ്യൻ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രത്യേക സംവരണം നൽകുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർക്കാർ സർവ്വീസിലും പ്രൊഫഷണൽ വിദ്യാഭ്യാസ പ്രവേശനത്തിലും ആംഗ്ലോ ഇൻഡ്യൻ വിഭാഗത്തിന് സംവരണം അനുവദിച്ചിട്ടുള്ളത് ലത്തീൻ കത്തോലിക്ക വിഭാഗത്തിനൊപ്പമാണ്. 23.05.2015-ലെ ഉത്തരവ് പ്രകാരം ലത്തീൻ കത്തോലിക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കൊപ്പം ആംഗ്ലോ ഇൻഡ്യൻ വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തി പ്രൊഫഷണൽ കോളേജുകളിലും ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും സംവരണം മൂന്ന് ശതമാനമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ആംഗ്ലോ ഇൻഡ്യൻ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സംവരണം ലഭിക്കുന്നില്ലെന്ന കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(13) വിശ്വകർമ്മജർക്ക് പെൻഷൻ

ശ്രീ. വി. പി. സജീന്ദ്രൻ: വിശ്വകർമ്മജരെ പരമ്പരാഗത തൊഴിൽവിഭാഗമായി പ്രഖ്യാപിച്ച സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിനും വാർദ്ധക്യകാല പെൻഷൻ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): വിശ്വകർമ്മജരെ പരമ്പരാഗത തൊഴിൽവിഭാഗമായി

അംഗീകരിച്ച് 27.11.2003-ൽ ഉത്തരവായിട്ടുണ്ട്. 25.03.2014-ലെ സർക്കാർ ഉത്തരവ് പ്രകാരം ഉന്നതവിദ്യാഭ്യാസത്തിന് രണ്ടുശതമാനം സംവരണം അനുവദിച്ചിട്ടുണ്ട്. പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവരും ബി.പി.എൽ വിഭാഗത്തിൽപ്പെട്ട മറ്റ് പെൻഷനുകൾ ലഭിക്കാത്തവരുമായ വിശ്വകർമ്മജർക്ക് 500 രൂപ പെൻഷൻ അനുവദിച്ചിട്ടുണ്ട്. പിന്നാക്ക വിഭാഗ വികസന വകുപ്പ് നിലവിലെ മാനദണ്ഡങ്ങളനുസരിച്ച് അപേക്ഷകൾക്ക് പെൻഷൻ നൽകുന്നതിന് തുക അനുവദിച്ചിട്ടുണ്ട്.

(14) ക്ഷേമപദ്ധതികൾ കാര്യക്ഷമമാക്കൽ

ശ്രീ. വി. റ്റി. ബൽറാം: ബോർഡ്/കോർപ്പറേഷനുകൾ വഴി പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്ക സമുദായങ്ങൾക്കായി നടപ്പാക്കി വരുന്ന വിവിധ ക്ഷേമ പദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നാക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): ഭൂരിപക്ഷ ന്യൂനപക്ഷ വിഭാഗങ്ങളിലെ സാമ്പത്തിക പ്രയാസം അനുഭവിക്കുന്നവർക്ക് പ്രത്യേക ക്ഷേമപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പിന്നാക്കക്ഷേമ വകുപ്പ് രൂപീകരിക്കുകയും മുപ്പതോളം പിന്നാക്കവിഭാഗങ്ങൾക്ക് ഒ.ഇ.സി. വിഭാഗത്തിന് ലഭിക്കുന്ന വിദ്യാഭ്യാസാനുകൂല്യം നൽകുകയും ചെയ്തിട്ടുണ്ട്. വിശ്വകർമ്മ-ധീവര വിഭാഗങ്ങൾക്ക് രണ്ട് ശതമാനവും മൺപാത്ര നിർമ്മാണ

വിഭാഗത്തിന് ഒരു ശതമാനവും പ്രത്യേക സംവരണം ഏർപ്പെടുത്തുകയും മൺപാത്ര നിർമ്മാണത്തൊഴിലാളി കോർപ്പറേഷൻ രൂപീകരിച്ച് അവർക്ക് 25000 രൂപയുടെ പ്രത്യേക ഗ്രാന്റ് അനുവദിക്കുകയും ചെയ്തു. വിശ്വകർമ്മ വിഭാഗത്തിലെ 60 വയസ്സുകഴിഞ്ഞ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക പെൻഷൻ പദ്ധതിയും പരമ്പരാഗത ബാർബർ തൊഴിലാളികൾക്ക് തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 25000 രൂപ വരെ ഗ്രാന്റ് അനുവദിക്കുന്ന പദ്ധതിയും നടപ്പിലാക്കി. ആറ് ലക്ഷം രൂപയിൽ അധികരിക്കാത്ത വാർഷികവരുമാനമുള്ള കുടുംബത്തിലെ ഒ.ബി.സി. വിദ്യാർത്ഥികൾക്ക് പത്ത് ലക്ഷം രൂപവരെ ഓവർസീസ് സ്കോളർഷിപ്പും പട്ടികജാതി വിഭാഗങ്ങൾക്ക് മൂന്ന് എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളും അനുവദിച്ചു. അയ്യങ്കാളി ദിനം പൊതുഅവധിയായും വിശ്വകർമ്മ ദിനം നിയന്ത്രിത അവധിയായും പ്രഖ്യാപിച്ചിട്ടുണ്ട്.

## (15) വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

ശ്രീ. ആർ. രാജേഷ്: പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നാക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി

(ശ്രീ. എ. പി. അനിൽകുമാർ): ഹൈസ്കൂൾ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ് 750 രൂപയായും യു.പി. വിഭാഗം വിദ്യാർത്ഥികളുടേത് 500 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ മെസ്സ് അലവൻസും വർദ്ധിപ്പിച്ചിട്ടുണ്ട്. ഒൻപത്, പത്ത് ക്ലാസുകളിലെ കുട്ടികൾക്ക് കേന്ദ്ര സഹായത്തോടുകൂടി പ്രതിവർഷം 2250 രൂപ പ്രീമെട്രിക് സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു. എസ്.സി. വിഭാഗത്തിന് ന്യൂനപക്ഷ വിഭാഗങ്ങൾക്ക് കൊടുക്കുന്ന ആനുകൂല്യം കൊടുക്കുന്നില്ലെന്ന പ്രചരണം തെറ്റാണ്. ന്യൂനപക്ഷ വിഭാഗത്തിലെ നിശ്ചിത വരുമാന പരിധിക്കുതാഴെയുള്ളവർക്കുമാത്രമാണ് ആനുകൂല്യങ്ങൾ ലഭിക്കുന്നത്.

(16) ദേശീയ പാതയിലെ അപകട സാധ്യത

ശ്രീ. വർക്കല കഹാർ: തിരുവനന്തപുരം ജില്ലയിലെ കടമ്പാട്ടുകോണം മുതൽ ആലംകോട് വരെയുള്ള ദേശീയ പാതയിലെ അപകട സാധ്യത കുറയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): കടമ്പാട്ടുകോണം മുതൽ ആലംകോട് വരെയുള്ള ഭാഗം ദേശീയപാത വികസന പദ്ധതിയിൽപ്പെടുത്തി നാലുവരിപ്പാതയാക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. റോഡ് സേഫ്റ്റി അതോറിറ്റിയുടെ

ചെയർമാനായ ജില്ലാകളക്ടർക്ക് റോഡ് സേഫ്റ്റിക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് അതോറിറ്റി ഫണ്ട് ലഭ്യമാക്കുന്നുണ്ട്. അതോടൊപ്പം 8.25 കോടി രൂപയുടെ റോഡ് സുരക്ഷാ പദ്ധതിയും പ്രഖ്യാപിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ.-യെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് ബന്ധപ്പെട്ട അതോറിറ്റികളുടെയും ഉദ്യോഗസ്ഥരുടേയും യോഗം വിളിക്കാവുന്നതാണ്.

(17) റെയിൽവേ ഗേറ്റും എസ്കലേറ്ററും സ്ഥാപിക്കൽ

ശ്രീ. ഷാഫി പറമ്പിൽ: പാലക്കാട് ടൗണിലെ ശകുന്തള ജംഗ്ഷനിൽ പുതിയ റെയിൽവേ ഗേറ്റും എസ്കലേറ്റർ സൗകര്യവും സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): പാലക്കാട് ടൗണിലെ ശകുന്തള ജംഗ്ഷനിൽ റെയിൽവേ ഗേറ്റിനുപകരമായി ആർ.ഒ.ബി. നിർമ്മിച്ച് ഗതാഗതത്തിന് തുറന്നുകൊടുത്തെങ്കിലും റെയിൽവേ ഗേറ്റിൽനിന്നും 542 മീറ്റർ അകലെയായതിനാൽ കാൽനടയാത്രക്കാർക്ക് ബുദ്ധിമുട്ടനുഭവപ്പെടുകയും പ്രശ്നപരിഹാരത്തിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും എസ്കലേറ്റർ നിർമ്മിക്കാൻ രണ്ടരക്കോടി രൂപ ചെലവ് വരുമെന്ന് റെയിൽവേ അധികൃതർ അറിയിച്ചതിനെത്തുടർന്ന് അനുമതിക്കായി അപേക്ഷ സമർപ്പിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. റെയിൽവേയിൽനിന്നും അനുകൂല മറുപടി

ലഭിച്ചില്ലെങ്കിൽ മറ്റ് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുന്നതായിരിക്കും.

## (18) ഗ്രാമീണ റോഡുകളുടെ കരാർ

ശ്രീ. എ. റ്റി. ജോർജ്: പാറശ്ശാല നിയോജക മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിനും അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ ലഭിച്ച റോഡുകളുടെ നിർമ്മാണത്തിന് സാങ്കേതിക അനുമതി നൽകുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): കേരളത്തിലെ മിക്ക റോഡുകളുടേയും സ്ഥിതി ശോചനീയമാണ്. മഴയാണ് റോഡുകളുടെ റിപ്പയറിംഗിന് തടസ്സമായി നിൽക്കുന്ന ഒരു ഘടകം. 40 എം.എം. ചിപ്പിംഗ് കാർപ്പറ്റും ബി.എം ആന്റ് ബി.സി.യും ഉപയോഗിച്ചാണ് റോഡുകൾ നിർമ്മിക്കുന്നത്. പാറശ്ശാല മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ ഉൾപ്പെടെയുള്ള റോഡുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് 2014-ലെ പി.ഡബ്ല്യൂ.ഡി ഷെഡ്യൂൾഡ് റേറ്റ് അനുസരിച്ചാണ്. ഒരു കോടി രൂപ വരെയുള്ള പ്രവൃത്തികൾക്ക് സർക്കാർ നേരിട്ട് ബിറ്റുമിൻ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. പാറശ്ശാല മണ്ഡലത്തിൽ അനുവദിച്ച റോഡുകളുടെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതാണ്. അമിത ഭാരം കയറ്റിവരുന്ന ലോറികളെ നിയന്ത്രിക്കാൻ

നടപടി സ്വീകരിക്കുന്നതാണ്.

(19) സേവന-വേതന പരിഷ്കരണം

ശ്രീ. കെ. മുരളീധരൻ: നാഷണൽ റൂറൽ ഹെൽത്ത് മിഷനിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും തസ്തികകൾ സൃഷ്ടിക്കുന്നതിനും ജോലി സ്ഥിരത ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): എൻ.ആർ.എച്ച്.എം.-ന്റെ കീഴിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന നേഴ്സുമാരുടെ കരാർ കാലാവധി ഒരു വർഷമാണെങ്കിലും പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ ഇവർക്ക് പുനർനിയമനം നൽകുന്നതാണ്. ഇവരുടെ പ്രതിമാസ വേതനത്തിൽ ഈ വർഷം മുതൽ 10 ശതമാനം വർദ്ധനവ് വരുത്തിയിട്ടുണ്ട്. പി.എഫ്. ആനുകൂല്യവും പ്രതിവർഷം 20 ദിവസത്തെ കാഷ്വൽ അവധിയും ഒരു വർഷം പൂർത്തിയാക്കിയ വനിതാജീവനക്കാർക്ക് 3 മാസത്തെ വേതനത്തോടുകൂടിയ പ്രസവാവധിയും അനുവദിക്കുന്നുണ്ട്. ഇവരുടെ വേതനവ്യവസ്ഥകൾ തീരുമാനിക്കുന്നത് കേന്ദ്ര സർക്കാരാണ്.

(20) പി.എച്ച്. ലാബ് പ്രവർത്തന സജ്ജമാക്കൽ

ശ്രീ. പി. ഉബൈദുള്ള: മലപ്പുറം ജില്ലയിൽ അനുവദിച്ച പബ്ലിക് ഹെൽത്ത്

ലാബിന് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): മലപ്പുറത്ത് പബ്ലിക് ഹെൽത്ത് ലാബ് ആരംഭിക്കുന്നതിന് 22 ലക്ഷം രൂപ അനുവദിക്കുകയും ലാബ് പ്രവർത്തനസജ്ജമാക്കുന്നതിനായി 20 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തെങ്കിലും ധനവ്യയ നിയന്ത്രണം നിലനിന്നിരുന്നതിനാൽ ധനവകുപ്പിന്റെ അനുമതി ലഭിച്ചില്ല. വീണ്ടും പ്രൊപ്പോസൽ സമർപ്പിച്ച് അടിയന്തരമായി ലാബ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(21) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയെ ജില്ലാശുപത്രിയാക്കി ഉയർത്തൽ

ശ്രീ. എം. ഹംസ: ഒറ്റപ്പാലം താലൂക്ക് ആശുപത്രിയെ ജില്ലാശുപത്രിയായി ഉയർത്തുന്നതിനും അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ പ്രതിദിനം 1500 പേരോളം ഒ.പി. വിഭാഗത്തിലും 100 മുതൽ 120 പേർ ഐ.പി. വിഭാഗത്തിലും എത്തുന്നുണ്ട്. 173 കിടക്കകളുള്ള ഈ ആശുപത്രിയിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന കാഷ്വാലിറ്റി, മൂന്ന് ഓപ്പറേഷൻ തീയറ്റർ, ഐ.സി.യു., ഇ.സി.ജി., ഫാർമസി,

ഡയാലിസിസ് യൂണിറ്റ്, ലബോറട്ടറി, ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് മുതലായ വിഭാഗങ്ങൾ ഉണ്ട്. ജനറൽ മെഡിസിൻ, ഗൈനക്കോളജി, ഓർത്തോ, പീഡിയാട്രിക്സ്, ഒഫ്ത്താൽമോളജി, ഡെന്റൽ, ഇ.എൻ.ടി. തുടങ്ങിയ സ്പെഷ്യാലിറ്റി വിഭാഗങ്ങളുടെ സേവനവും ഈ ആശുപത്രിയിൽ ലഭ്യമാണ്. ഒറ്റപ്പാലം താലൂക്ക് ആശുപത്രി ജില്ലാശുപത്രിയായി ഉയർത്തുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്നും പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(22) ശമ്പള പരിഷ്കരണം

ശ്രീ. കെ. വി. വിജയദാസ്: ക്ഷീരസഹകരണ സംഘം ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): ഈ സബ്മിഷൻ നോട്ടീസായി ലഭിക്കാത്തതിനാൽ ഇതിന് നാളെ മറുപടി പറയുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്ത് വച്ചു.

## റിപ്പോർട്ട് സമർപ്പണം

സബ്ജക്ട് കമ്മിറ്റി XII-ന്റെ 'ലബോറട്ടറികളുടെ ശാക്തീകരണം' എന്ന വിഷയം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഇരുപത്തി ഒൻപത് മുതൽ മുപ്പത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടും പതിമൂന്നും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ഇരുപത്തിരണ്ട് മുതൽ മുപ്പത്തിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## സ്റ്റാറ്റ്യൂട്ടറി പ്രമേയം

1974-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ആക്ടിലെ (1974-ലെ 29-ാം ആക്ട്) 3 എ വകുപ്പിലെ (1)-ാം ഉപവകുപ്പിന്റെ പരിമിതി വ്യവസ്ഥ പ്രകാരമുള്ള പ്രമേയം

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ഒരു കശുവണ്ടി ഫാക്ടറിയെ സംബന്ധിച്ച് 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ആക്ട് (2015-ലെ 13) പ്രാബല്യത്തിൽ വരുന്ന ദിവസത്തിന് മുമ്പ് അല്ലെങ്കിൽ അതിനുശേഷമുള്ള ഏതെങ്കിലും ദിവസം, മൂന്ന് മാസത്തിൽ കുറയാത്ത ഒരു കാലയളവിൽ അത്

അടച്ചിടുകയും, അങ്ങനെയുള്ള അടച്ചിടൽ ആ ഫാക്ടറിയിലെ ജോലിയിൽ ഏർപ്പെട്ടിട്ടുള്ള ഭൂരിപക്ഷം തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുവെന്നും, കശുവണ്ടി ഫാക്ടറി പുനരാരംഭിക്കുന്നതിന് സത്വര നടപടി ആവശ്യമാണെന്നും, പൊതുതാൽപ്പര്യത്തിൽ അങ്ങനെ പുനരാരംഭിക്കേണ്ടത് ആവശ്യമാണെന്നും സർക്കാരിന് ബോധ്യമാകുന്ന പക്ഷം, ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവ് മുഖേന പ്രസ്തുത കശുവണ്ടി ഫാക്ടറി സർക്കാരിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിരിക്കുന്നതായും നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്നതായും പ്രഖ്യാപിക്കു ന്നതിനായി 1974-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ആക്ടിലെ (1974-ലെ 29)3 എ വകുപ്പ് സർക്കാരിനെ അധികാരപ്പെടുത്തുന്നതിനാലും,

1974-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ആക്ടിലെ (1974-ലെ 29) 3 എ വകുപ്പ് (1)-ാം ഉപവകുപ്പിന്റെ പരിമിതി വ്യവസ്ഥ പ്രകാരം, പ്രസ്തുത വകുപ്പ് പ്രകാരമുള്ള ഒരു ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതൽ ആറുമാസക്കാലയളവിനുള്ളിൽ നിയമസഭ പാസ്സാക്കിയ ഒരു പ്രമേയത്തിന്റെ പിൻബലത്തിൽ അല്ലാതെ യാതൊരു ഉത്തരവും പ്രസിദ്ധീകരിക്കുവാൻ പാടില്ലാത്തതിനാലും,

2015 ആഗസ്റ്റ് 6-ാം തീയതിയിലെ സ.ഉ.(പി)110/2015/വ്യവ നമ്പരായി പുറപ്പെടുവിച്ചിട്ടുള്ളതും 2015 ആഗസ്റ്റ് 6-ാം തീയതിയിലെ 1842-ാം നമ്പർ കേരള

അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 501/2015 ആയി പ്രസിദ്ധീകരിച്ചതുമായ പ്രസ്തുത ഉത്തരവിന്റെ 1-ാമത്തെ പട്ടികയിൽ പരാമർശിച്ച കശുവണ്ടി ഫാക്ടറികൾ അവയ്ക്ക് ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തീയതി മുതൽ പ്രാബല്യത്തോടുകൂടി പൊതു താൽപര്യാർത്ഥം, സർക്കാരിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിരിക്കുന്നതായും അതിൽ നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്നതായും, പ്രഖ്യാപിച്ചിട്ടുള്ളതിനാലും,

ഇപ്പോൾ, അതിനാൽ, 1974-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ആക്ടിലെ (1974-ലെ 29)3 എ വകുപ്പിലെ (1)-ാം ഉപവകുപ്പിന്റെ പരിമിതി വ്യവസ്ഥ പ്രകാരം നിയമസഭയുടെ ഒരു പ്രമേയം പാസ്സാക്കുന്നതിനായി ഈ സഭ ഇതിനാൽ തീരുമാനിക്കുന്നു എന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

**നിയമനിർമ്മാണകാര്യം**

**താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തരഘട്ടങ്ങളും**

1. 2015-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ

2. 2015-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ

3. 2015-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 2015-ലെ കേരള ധനവിനിയോഗ (4 മുതൽ 6 വരെയുള്ള) ബില്ലുകൾ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ലതിക: ധനവിനിയോഗ ബില്ലുകളെ എതിർക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗ-ആദിവാസി മേഖലകളിലുൾപ്പെട്ട ദുർബ്ബല ജനവിഭാഗങ്ങളുടെ വികസനത്തിനുവേണ്ടി അനുവദിച്ച തുക കാര്യക്ഷമമായി വിനിയോഗിക്കുന്നതിനുപകരം മുതലാളിമാരെ സഹായിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ആസ്തിവികസന ഫണ്ടിന്റെ ശീർഷകത്തിലേയ്ക്ക് യഥാസമയം തുക ട്രാൻസ്ഫർ ചെയ്യാത്തതിനാൽ പല വികസന പ്രവർത്തനങ്ങളും സ്തംഭിച്ചിരിക്കുകയാണ്. 2012-ലെ ചിൽഡ്രൻസ് ഫിലിം ഫെസ്റ്റിവലിൽ ഒന്നാം സ്ഥാനം നേടിയ എം.ഐ.യു.പി.സ്കൂളിന് സമ്മാനത്തുക നൽകുന്നതിനും നിർത്തലാക്കിയ ചിൽഡ്രൻസ് ഫിലിം ഫെസ്റ്റിവൽ പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. റ്റി. എൻ. പ്രതാപൻ: ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് നടന്നുവരുന്ന വികസന-സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കും മറ്റും യഥാസമയം തുക ലഭിക്കണമെങ്കിൽ ടി ബില്ലുകൾ ഐകകണ്ഠ്യേന പാസ്സാക്കേണ്ടത്

അത്യാവശ്യമാണ്. വിവിധ മേഖലകളിലെ ജനങ്ങളുടെ ഉന്നമനത്തിനും വികസനത്തിനുമായി സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികൾക്കും വികസനപ്രവർത്തനങ്ങൾക്കുമെതിരെ മുഖംതിരിഞ്ഞു നിൽക്കുകയും ആരോപണമുന്നയിക്കുകയും ചെയ്യുന്ന പ്രതിപക്ഷാംഗങ്ങളുടെ നിലപാട് അപലപനീയമാണ്. സാമൂഹ്യക്ഷേമ രംഗത്ത് ഫലപ്രദമായി ഇടപെടാനും വിവിധ ക്ഷേമനിധി പെൻഷനുകൾ വർദ്ധിപ്പിക്കുന്നതടക്കമുള്ള വികസനപ്രവർത്തനങ്ങൾ നടത്താനും സർക്കാരിന് സാധിച്ചുവെന്നത് പ്രശംസനീയമാണ്. വികസന രംഗത്ത് ഇന്ത്യയ്ക്കുതന്നെ മാതൃകയായ കേരളത്തിൽ നിന്നും വർഗ്ഗീയത തുടച്ചുനീക്കാൻ കക്ഷി-രാഷ്ട്രീയ ഭേദമെന്യേ കൂട്ടായ ശ്രമം ആവശ്യമാണ്.

<u>ശ്രീ. പി. തിലോത്തമൻ</u>: ധനവിനിയോഗ ബില്ലുകളെ എതിർക്കുന്നു. ഈ സർക്കാരിന്റെ പിടിപ്പുകേടിന്റെയും കെടുകാര്യസ്ഥതയുടെയും ഫലമായി കേരളത്തിന്റെ സാമ്പത്തിക സ്ഥിതി മോശമാവുകയും വിവിധ ക്ഷേമപെൻഷനുകൾ കുടിശ്ശികയാവുകയും വികസന പ്രവർത്തനങ്ങൾ നിലയ്ക്കുകയും കാർഷികമേഖല, പരമ്പരാഗത തൊഴിൽ മേഖല എന്നിവ തകർച്ചയെ അഭിമുഖീകരിക്കുകയും ചെയ്യുന്ന സ്ഥിതിയാണ് നിലനിൽക്കുന്നത്. ജനങ്ങളുടെ നിത്യജീവിതത്തിൽ ദുരിതങ്ങൾ മാത്രമായിരിക്കുകയാണ്. വിലക്കയറ്റം പിടിച്ചുനിർത്താൻ ഫലപ്രദമായി ഇടപെടേണ്ട സിവിൽ സപ്ലൈസ് കോർപ്പറേഷനും കൺസ്യൂമർ ഫെഡും അഴിമതിയുടെ

ഈറ്റില്ലമായി മാറിയിരിക്കുന്നു. ജനാധിപത്യ വ്യവസ്ഥയെ ദുർബലമാക്കുന്ന, ജന ജീവിതമാകെ ദുസ്സഹമാക്കുന്ന, തൊഴിൽ മേഖലയെ തകർക്കുന്ന സർക്കാരാണിത്. ക്ഷേമപെൻഷനുകളിലെ കുടിശ്ശികയും പദ്ധതികളിലെ വീഴ്ചയും വികസന പ്രവർത്തനങ്ങളിലെ മുരടിപ്പും കാരണം ജനങ്ങൾ പൊറുതിമുട്ടുകയാണ്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുന്നു. സാമ്പത്തിക വളർച്ചയും സ്വപ്ന പദ്ധതികളുടെ സാക്ഷാത്ക്കാരവുമാണ് ഈ ഭരണകാലത്തെ ഏറ്റവും വലിയ നേട്ടം. സംസ്ഥാനത്തിന്റെ പ്രതീക്ഷയ്ക്കനുസരിച്ച് ഉയരാൻ കഴിയുകയും പൊതുമേഖലയിലടക്കം വിദ്യാഭ്യാസ സ്ഥാപനങ്ങളും സർവ്വകലാശാലകളും മെഡിക്കൽ കോളേജുകളുമൊക്കെ കൊണ്ടുവന്ന് ധനവിനിയോഗത്തിൽ കൃത്യമായ മാതൃക കാണിക്കുകയും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും വികസനപ്രവർത്തനങ്ങൾക്കും മുൻതൂക്കം നൽകി മുന്നോട്ടുപോകുകയും ചെയ്യുന്ന സർക്കാരാണിത്. വർഗ്ഗീയതയെ ചെറുക്കുക എന്നുള്ള ഏറ്റവും വലിയ ദൗത്യത്തെ കേരളത്തിലെ മതേതര സമൂഹം ഏറ്റെടുക്കണം.

<u>ഡോ. എൻ. ജയരാജ്</u>: ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുന്നു. വികസനത്തിന്റെയും കരുതലിന്റെയും ഒരു കാലഘട്ടമായിരുന്നു കഴിഞ്ഞ നാലര വർഷക്കാലം. കേരളത്തിന്റെ വികസന പ്രവർത്തനങ്ങളുടെ മുന്നേറ്റവും സ്വപ്ന

പദ്ധതികൾ പ്രായോഗികമായി നടപ്പാക്കാൻ കഴിഞ്ഞതും സർക്കാരിനെ സംബന്ധിച്ചിടത്തോളം ഏറെ അഭിമാനകരമാണ്. ധനകാര്യ വകുപ്പിൽ ഒട്ടേറെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനും സാമൂഹ്യ പ്രതിബദ്ധതയുടെ ഏറ്റവും വലിയ മുഖമുദ്രയായ കാരുണ്യ പദ്ധതി നടപ്പിലാക്കാനും മലയാള ഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവി ഉൾപ്പെടെയുള്ള കാര്യങ്ങൾ നേടിയെടുക്കാനും സാംസ്കാരികതയെ കൂടുതൽ കരുത്തോടുകൂടി മുന്നോട്ടുകൊണ്ടുപോകാനും ഈ സർക്കാരിന് കഴിഞ്ഞു.

<u>ശ്രീ. എ. എ. അസീസ്</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ പുതിയതായി ആരംഭിച്ച ആസ്തിവികസന ഫണ്ടിലൂടെ ധാരാളം വികസനപ്രവർത്തനങ്ങൾ നടത്താൻ ഭരണ-പ്രതിപക്ഷ എം.എൽ.എ. മാർക്ക് സാധിച്ചിട്ടുണ്ട്. ക്ഷേമപെൻഷനുകളെല്ലാം ബാങ്കുകൾ വഴി കുടിശ്ശികയില്ലാതെ നൽകുന്നതിനും ജനോപകാരപ്രദമായ വികസനപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്.

<u>ശ്രീ. സി. പി. മുഹമ്മദ്</u>: ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുന്നു. ട്രഷറി പൂട്ടാതെ ഓവർ ഡ്രാഫ്റ്റില്ലാതെ ധനകാര്യമാനേജ്മെന്റിന് കാവൽ നിന്ന ഗവൺമെന്റാണിത്. കഴിഞ്ഞ നാലേമുക്കാൽ വർഷവും കരുതലും വികസനവുമായാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോയത്. കേരളത്തിൽ വീണ്ടും

ഐക്യജനാധിപത്യമുന്നണിതന്നെ അധികാരത്തിൽ വരുമെന്ന കാര്യത്തിൽ തർക്കമില്ല.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: ധനവിനിയോഗ ബില്ലുകളെ എതിർക്കുന്നു. കഴിഞ്ഞ നാലരവർഷമായി സംസ്ഥാനം സാമ്പത്തികമായും സാമൂഹികമായും രാഷ്ട്രീയമായും തകർച്ചയിലാണ്. പരമ്പരാഗത വ്യവസായങ്ങളൊന്നും സംരക്ഷിക്കപ്പെടുന്നില്ല. സംസ്ഥാനത്തിന് സാമ്പത്തിക രംഗത്ത് പുരോഗതി കൈവരിക്കണമെങ്കിൽ വ്യാവസായിക-കാർഷിക രംഗത്തുള്ള സമഗ്ര പുരോഗതി അനിവാര്യമാണ്. കേരളത്തിലെ കാർഷിക രംഗമാകെ തകർച്ചയിലാണ്. വ്യാവസായിക രംഗത്ത് ഉൽപ്പാദനം കുറഞ്ഞുവരികയാണ്. നാടിന്റെ താൽപ്പര്യത്തിനും രാഷ്ട്രീയ താൽപ്പര്യങ്ങൾക്കുമെതിരായ വർഗ്ഗീയശക്തികൾക്ക് അനുകൂലമായ നിലപാട് സ്വീകരിക്കുന്ന, മതനിരപേക്ഷതയെ തകർക്കുന്ന ന്യൂനപക്ഷ ഹത്യയ്ക്കുവേണ്ടിയുള്ള പരിശ്രമങ്ങൾക്ക് കൂട്ടുനിൽക്കാനാവില്ല.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): 1495 കോടി രൂപയിലധികം വരുന്ന ഈ ധനാഭ്യർത്ഥനയിലെ 832 കോടി രൂപയും ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുന്നതിനാണ് വിനിയോഗിക്കുന്നത്. ക്ഷേമപെൻഷനുകൾ എല്ലാ മാസവും 15-ാം തീയതി കൊടുക്കുന്നതിനാണ് തീരുമാനമെടുത്തിട്ടുള്ളത്. 32 ലക്ഷം കുടുംബങ്ങൾക്കാണ് ഇപ്പോൾ ക്ഷേമപെൻഷനുകൾ ലഭിച്ചുകൊണ്ടിരിക്കുന്നത്.

റബ്ബറിന്റെ വില കുറഞ്ഞാലും കർഷകർക്ക് 150 രൂപ ഉറപ്പുവരുത്തുന്ന നിലപാടായിരിക്കും സർക്കാർ സ്വീകരിക്കുന്നത്. പ്രധാനമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിൽ റബ്ബർ കർഷകരും നാളീകേര കർഷകരും നേരിടുന്ന ബുദ്ധിമുട്ടുകൾ പരാമർശിച്ചിട്ടുണ്ട്. നീര പ്രാവർത്തികമാക്കിയതിലൂടെ നാളീകേര കർഷകർക്ക് നല്ല വരുമാനം ലഭിക്കുന്നുണ്ട്. നീര ഉല്പാദിപ്പിക്കുന്ന കമ്പനികൾക്ക് സബ്സിഡിയിനത്തിൽ 50 ലക്ഷം രൂപ വീതം നൽകുന്നതാണ്. ആർ. ശങ്കറിന്റെ പ്രതിമ അനാച്ഛാദനം ചെയ്യുന്നതിനായി പ്രധാനമന്ത്രിയെ ക്ഷണിക്കണമെന്ന് എസ്.എൻ.ഡി.പി.യും എസ്.എൻ. ട്രസ്റ്റും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ പ്രധാനമന്ത്രിക്ക് കത്തെഴുതിയത്. 2015-ലെ കേരള ധനവിനിയോഗ ബില്ലുകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

## അറിയിപ്പ്

<u>മി. സ്പീക്കർ</u>: ചട്ടം 153 (2) പ്രകാരം 1.30-ന് വോട്ടിനിടേണ്ട ധനവിനിയോഗ ബില്ലിന്റെ ചർച്ച പൂർത്തിയാകാത്തതിനാൽ പ്രസ്തുത ചട്ടം വേവ് ചെയ്യുകയാണ്.

2015-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ, 5-ാം നമ്പർ, 6-ാം നമ്പർ) ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

1. <u>2015-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ</u>

<u>2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും</u>

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): 2015-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. മോഹനൻ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

2015-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം 46-നെതിരെ 67 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

<u>2015-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ</u>

2015-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ഉം 3-ഉം വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും</u>

2-ഉം 3-ഉം വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 2015-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): പ്രമേയത്തെ പിന്താങ്ങുന്നു.

2015-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## 2015-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ

2015-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## 2-ഉം 3-ഉം വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും

2-ഉം 3-ഉം വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ

ഭാഗമാക്കണമെന്ന  പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 2015-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): പ്രമേയത്തെ പിന്താങ്ങുന്നു.

2015-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം 48-നെതിരെ 64 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

### (1) 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ

സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എസ്. രാജേന്ദ്രൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടിയുണ്ടാകണം. മലിനീകരണവുമായി ബന്ധപ്പെട്ട വിഷയത്തിൽ ഇടപെടാനും നിയന്ത്രണങ്ങൾ ഏർപ്പെടുത്താനും കഴിയുന്ന മറ്റു വകുപ്പുകളെക്കൂടി ഉൾക്കൊള്ളിക്കാനുള്ള ശ്രമമുണ്ടാകണം. സി.ആർ.ഇസഡ്., ഇ.എഫ്.എൽ. പോലുള്ള നിയമങ്ങൾ നടപ്പിലാക്കുമ്പോൾ വകുപ്പുകളുടെ ഏകോപനമില്ലായ്മ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ഒഴിവാക്കുന്നതിന് സംവിധാനമുണ്ടാകണം.

ശ്രീ. രാജു എബ്രഹാം: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അധികാര പരിധി വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം. ഭക്ഷ്യവസ്തുക്കളിലുള്ള രാസപദാർത്ഥങ്ങൾ കണ്ടെത്തുന്നതിനായി സംസ്ഥാന ഭക്ഷ്യ സുരക്ഷാ വിഭാഗം മലിനീകരണ നിയന്ത്രണ ബോർഡുമായി ചേർന്ന് പ്രവർത്തിക്കേണ്ടതാണ്. മാലിന്യങ്ങൾ പൊതുനിരത്തുകളിൽ വലിച്ചെറിയുന്നവർക്ക്

ഏർപ്പെടുത്തിയിട്ടുള്ള പിഴത്തുക വർദ്ധിപ്പിക്കുന്നതിനും മാലിന്യം പൊതുനിരത്തിൽ നിക്ഷേപിക്കുന്ന വാഹനങ്ങൾ കണ്ടുകെട്ടുന്നതിനും നടപടി സ്വീകരിക്കത്തക്ക വിധത്തിൽ നിയമനിർമ്മാണം നടത്തണം. ഹോട്ടലുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ ഉറവിടത്തിൽ തന്നെ മാലിന്യസംസ്കരണം നടത്തുന്നുവെന്ന് ഉറപ്പുവരുത്തണം. കക്കൂസ് മാലിന്യം ഉൾപ്പെടെയുള്ളവ സംസ്കരിക്കാനും നദികളിലെ കോളിഫോം ബാക്ടീരിയയുടെ അളവ് നിയന്ത്രിക്കാനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. പ്രകൃതി സംരക്ഷണം സ്കൂൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കണം.

ശ്രീ. ബി. സത്യൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. മലിനീകരണ നിയന്ത്രണ ബോർഡിന്റെ എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം. ആശുപത്രികൾ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ, റിസോർട്ടുകൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിലും കായലുകളിലും നദികളിലും നിക്ഷേപിക്കുന്നവർക്കെതിരെ ബോർഡ് കർശന നടപടി സ്വീകരിക്കണം. ബോർഡിലെ ഒഴിവുകൾ നികത്തുകയും അനുബന്ധ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും വേണം. പ്ലാസ്റ്റിക് നിരോധന നിയമം കർശനമായി നടപ്പിലാക്കുന്നതിനും ഗുരുവായൂർ, ശബരിമല സീസൺ സമയങ്ങളിൽ ബോർഡിന്റെ ഔട്ട്ലെറ്റ് തുറക്കുന്നതിനും നടപടി സ്വീകരിക്കണം. ജില്ലകളിലുടനീളം 24 മണിക്കൂറും

പ്രവർത്തിക്കുന്ന ബോർഡിന്റെ കേന്ദ്രങ്ങൾ ആരംഭിക്കണം.

<u>ശ്രീ. കെ. അജിത്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ പലപ്പോഴും മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും എൻ.ഒ.സി. ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നുണ്ട്. വേമ്പനാട്ട് കായലിലെ മാലിന്യപ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തണം. നാഷണൽ ഹൈവേ ഉൾപ്പെടെയുള്ള റോഡുകളിൽ വാഹനങ്ങൾതട്ടി മരണപ്പെടുന്ന നായ്ക്കളുടെയും മറ്റും അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന് സംവിധാനമുണ്ടാക്കണം. മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ആവശ്യമായ ജീവനക്കാരില്ലാത്ത സഹചര്യമാണുള്ളത്. ഇ-വേസ്റ്റ് നിർമ്മാർജ്ജനം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം. ഗ്രാമപ്രദേശങ്ങളിലെ ജലാശയങ്ങളിൽ വിസർജ്യങ്ങൾ നിക്ഷേപിക്കുന്നത് തടയണം. വീട് നിർമ്മാണത്തോടൊപ്പം മാലിന്യ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കർശന നിർദ്ദേശം നല്കണം.

<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മലിനീകരണ നിയന്ത്രണ

ബോർഡുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസ്സുകൾ തീർപ്പാക്കണം. ചാലക്കുടി പുഴയിലെ മലിനീകരണം തടയുന്നതിന് നടപടി സ്വീകരിക്കണം. നദികളുടെ സംരക്ഷണത്തിൽ ഗണ്യമായ പങ്ക് വഹിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കണം. നദികൾ മലിനമാകുന്നതിന്റെ ഫലമായി മത്സ്യസമ്പത്തിൽ ഗണ്യമായ കുറവ് ഉണ്ടായിരിക്കുകയാണ്. സീറോ വേസ്റ്റ് പദ്ധതി നടപ്പിലാക്കുന്നതിൽ മലിനീകരണ നിയന്ത്രണ ബോർഡ് ഗുരുതരമായ വീഴ്ച വരുത്തിയിരിക്കുകയാണ്. കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതോടൊപ്പംതന്നെ പരിസരപ്രദേശങ്ങളിൽ മരങ്ങളും ചെടികളും വച്ചുപിടിപ്പിക്കുന്ന രീതി പ്രാവർത്തികമാക്കണം. പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അതിരപ്പിള്ളി പദ്ധതിയുമായി മുന്നോട്ടുപോകാനുള്ള തീരുമാനം പരിശോധനാ വിധേയമാക്കണം. എയ്ഡഡ്/പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പൂർണ്ണമായും പി.എസ്.സി.ക്ക് വിടുകയും സംവരണ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നിയമനം നടത്തുകയും ചെയ്യണം..

<u>ശ്രീ. റ്റി.വി. രാജേഷ്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ

ചുമതലകൾ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പി.എസ്.സി.-യെ നോക്കുകുത്തിയാക്കി പിൻവാതിൽ നിയമനത്തിന് അവസരമൊരുക്കുന്ന ബില്ലാണിത്. പമ്പയിലെ മലിനീകരണ നിയന്ത്രണ പദ്ധതികളെല്ലാം അട്ടിമറിക്കപ്പെട്ടിരിക്കുകയാണ്. പമ്പയെ ശുദ്ധീകരിക്കുന്നതിനായി ശക്തമായ നടപടി സ്വീകരിക്കാൻ ബോർഡ് തയ്യാറാകണം. ബയോ മെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ജില്ലാ കേന്ദ്രങ്ങളിൽ വികേന്ദ്രീകൃത മാലിന്യസംസ്കരണ സംവിധാനമുണ്ടാക്കുന്നതിനും വിദേശരാജ്യങ്ങളിൽ നടപ്പിലാക്കുന്നതുപോലെ ഹോസ്പിറ്റലുകളെ പൂൾ ചെയ്തുകൊണ്ട് മാലിന്യസംസ്കരണം നടത്തുന്നതിനും ശ്രമിക്കണം. എം.പി./എം.എൽ. എ. ഫണ്ട്, റിവർ മാനേജ്മെന്റ് ഫണ്ട് എന്നിവ ഉപയോഗിച്ച് നാഷണൽ ഹൈവേകളിലെ വിജനമായ സ്ഥലങ്ങളിലും ജലാശയങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിന് സർവെയ്‌ലൻസ് ക്യാമറകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ പോലീസിന്റെ ഭാഗത്തുനിന്ന് ശക്തമായ നടപടിയുണ്ടാകണം. തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ മാങ്ങാട്ടുപറമ്പ് വ്യവസായ കേന്ദ്രത്തിൽ നിയമപ്രകാരമുള്ള മലിനീകരണ നിയന്ത്രണ മാർഗ്ഗങ്ങൾ ഏർപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. സംസ്ഥാന മലിനീകരണ

നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നതിനുവേണ്ടി കൊണ്ടുവന്ന ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നതോടൊപ്പം കാലാവധി കഴിയാറാകുംവരെ നീട്ടിക്കൊണ്ടുപോയതിലൂടെ സർക്കാരിന്റെ ഇച്ഛാശക്തിയില്ലായ്മയാണ് പ്രകടമാകുന്നത്.

ശ്രീമതി ഇ. എസ്. ബിജിമോൾ: ഭേദഗതിയെ അനുകൂലിക്കുന്നു. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ജീവനക്കാരുടെ നിയമനം പി.എസ്.സി.ക്ക് വിടുന്നതുമായി ബന്ധപ്പെട്ട വിഷയമാണ് ചർച്ച ചെയ്യുന്നത്. സർക്കാരിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കുപോലും സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന സന്ദർഭത്തിൽ മലിനീകരണ നിയന്ത്രണ ബോർഡിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനാവശ്യമായ സാമ്പത്തിക സ്രോതസ് ഉണ്ടാകണം. ചെറുതും വലുതുമായ നിരവധി സ്ഥാപനങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സാഹചര്യത്തിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചാലും ബോർഡിന്റെ പ്രവർത്തനം തൃപ്തികരമായി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയില്ല. നിയമനം പി.എസ്.സി.ക്ക് വിട്ടാലും പോസ്റ്റിംഗ് നടത്താൻ കാലതാമസം നേരിടുകയും ബോർഡിൽ രജിസ്റ്റർ ചെയ്യുന്ന സ്ഥാപനങ്ങളുടെ എണ്ണം വർദ്ധിക്കുകയും ചെയ്യും. നാഷണൽ എൻവയോൺമെന്റൽ മാനേജ്മെന്റ് അതോറിറ്റിയുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് എൻവയോൺമെന്റൽ മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കുമ്പോൾ

പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ പ്രസക്തി നഷ്ടപ്പെടുമെന്നുള്ളതിനാൽ എന്തെല്ലാം മാറ്റങ്ങൾ ബോർഡിൽ ഉണ്ടാക്കണമെന്നതിനെക്കുറിച്ച് ധാരണ വേണം. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ പ്രവർത്തന മികവിന് വിവിധ വകുപ്പുകളുടെ കോ-ഓർഡിനേഷൻ അത്യാവശ്യമാണ്. ആവശ്യമായ ജീവനക്കാരെ നിയമിക്കുകയും ഇ-വേസ്റ്റ് സംസ്കരണത്തിനുള്ള സംവിധാനം ക്രിയാത്മകമായി നടത്തുന്നതിനുള്ള സാങ്കേതിവിദ്യ നടപ്പിലാക്കുകയും ചെയ്യണം. ജലാശയങ്ങളും മലനിരകളും മനുഷ്യസമൂഹത്തിന് അനിവാര്യമാണെന്ന കാര്യം വരും തലമുറയെ ബോദ്ധ്യപ്പെടുത്തണം. പ്രകൃതിയുടെ നിലനിൽപ്പിന് വെല്ലുവിളി ഉയർത്തുന്ന പ്ലാസ്റ്റിക്-അജൈവ മാലിന്യങ്ങളുടെ ദൂഷ്യങ്ങളെക്കുറിച്ച് പുതുതലമുറയെ ബോധവാൻമാരാക്കണം. ശുചിത്വമിഷന്റെ ഫണ്ട് ഫലപ്രദമായി വിനയോഗിച്ചിട്ടില്ലെന്ന ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗത്തിന്റെ കണ്ടെത്തലുകൾ ഗൗരവമായി കണക്കിലെടുക്കണം. പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുള്ള ചർച്ചകളും ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കണം. മലിനീകരണ നിയന്ത്രണബോർഡിന് കൂടുതൽ തസ്തികകൾ അനുവദിച്ച് നിലവിലുള്ള നിയമങ്ങൾ പാലിക്കാനും ബോർഡിന്റെ പ്രവർത്തനങ്ങളിലെ അപര്യാപ്തകൾ പരിഹരിക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. ഉബൈദുള്ള</u>: ഭേദഗതിയെ പിന്താങ്ങുന്നു. സംസ്ഥാന മലിനീകരണ

നിയന്ത്രണ ബോർഡിലെ ജീവനക്കാരുടെ നിയമനം പി.എസ്.സി.ക്ക് വിടാനുള്ള തീരുമാനത്തെ സ്വാഗതം ചെയ്യുന്നു. നിലവിലുള്ള നിയമങ്ങൾ ഫലപ്രദമായി നടപ്പാക്കാൻ ആവശ്യമായ ജീവനക്കാർ പൊല്യൂഷൻ കൺട്രോൾ ബോർഡിൽ ഇല്ലെന്നുള്ളത് വസ്തുതയാണ്. പരിസ്ഥിതിക്കും ജീവജാലങ്ങൾക്കും ഹാനികരമാംവിധം മാലിന്യം പുറന്തള്ളുന്ന ഫാക്ടറികൾ പരിശോധിച്ച് ചെലവ് കുറഞ്ഞ മാലിന്യസംസ്കരണ സംവിധാനങ്ങളെക്കുറിച്ച് മാർഗ്ഗനിർദ്ദേശം നൽകാനും ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം. അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയോടൊപ്പം പരിസ്ഥിതി-മലിനീകരണ സംബന്ധമായ കാര്യങ്ങളിൽ പ്രത്യേക അവഗാഹമുള്ളവരെ നിയമിക്കണമെന്ന് സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്താനും അവശേഷിക്കുന്ന നിയമനങ്ങൾ പി.എസ്.സി.ക്കു വിടാനുള്ള തീരുമാനമുണ്ടാക്കുകയും വേണം.

ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>): ഭരണ-പ്രതിപക്ഷാംഗങ്ങൾ ഇവിടെ ഉന്നയിച്ച ആശയങ്ങളേയും നിർദ്ദേശങ്ങളേയും സ്വാഗതം ചെയ്യുന്നു. മലിനീകരണ നിയന്ത്രണബോർഡിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നതുമായി ബന്ധപ്പെട്ട് 2012-ൽ തീരുമാനമെടുത്തെങ്കിലും അതുമായി മുന്നോട്ടുപോകാൻ കഴിഞ്ഞിരുന്നില്ല. ജലാശയങ്ങളിലെ മലിനീകരണവുമായി ബന്ധപ്പെട്ട് ഇവിടെ ഉന്നയിച്ചിട്ടുള്ള വിമർശനങ്ങൾ ഉൾക്കൊള്ളുന്നതോടൊപ്പം

മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ജീവനക്കാരുടെ കുറവുമൂലമാണ് മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കാൻ സാധിക്കാത്തത്. മാലിന്യനിർമ്മാർജ്ജനം പൂർണ്ണമായും നടപ്പിലാക്കുന്നതിനായി എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം എന്നിവിടങ്ങളിൽ ബയോ മെഡിക്കൽ പ്ലാന്റ് സ്ഥാപിക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. മാലിന്യ നിർമ്മാർജ്ജന കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കൂടുതൽ കോ-ഓർഡിനേഷനുണ്ടാക്കാനുള്ള ഏർപ്പാടുകൾ ചെയ്യുന്നതാണ്. ഫ്ലാറ്റുകളുടെ നിർമ്മാണ വേളയിൽത്തന്നെ മാലിന്യനിർമ്മാർജ്ജനത്തിനുള്ള സംവിധാനം ഏർപ്പെടുത്തുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കുന്നതാണ്. പമ്പാ റിവർ ആക്ഷൻ പ്ലാൻ നടപ്പാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. നീറ്റ ജലാറ്റിൽ കമ്പനിയിലെ മലിനീകരണ നിയന്ത്രണ സംവിധാനങ്ങളുടെ കാര്യക്ഷമത പരിശോധിക്കാനായി ഏർപ്പെടുത്തിയ നാഷണൽ എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മലിനീകരണ നിയന്ത്ര ബോർഡ് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ജലാശയങ്ങളിലെ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്ന കാര്യത്തിൽ വിവിധ വകുപ്പുകളുടെ ഏകീകരണം അത്യാവശ്യമാണ്. ബിൽ നിയമമായി പ്രാബല്യത്തിൽ വരുമ്പോൾ സഞ്ചിത

നിധിയിൽ നിന്നും യാതൊരു ചെലവുമുണ്ടാകുകയില്ല. വാട്ടർ പൊല്യൂഷൻ, എയർ പൊല്യൂഷൻ എന്നിവ സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കാൻ സംസ്ഥാന എൻവയോൺമെന്റൽ അതോറിറ്റിക്ക് അധികാരമുണ്ട്. പ്രസ്തുത അതോറിറ്റിയുടെ അധികാരത്തിൽ കൈകടത്തുന്ന യാതൊരു വ്യവസ്ഥയും ബില്ലിലില്ല. ജലാശയങ്ങളെയും മാലിന്യനിർമ്മാർജ്ജനത്തെയും സംബന്ധിച്ച് പൊതുവായി പറഞ്ഞ കാര്യങ്ങളിൽ ചെയ്യാൻ കഴിയുന്നതൊക്കെ ചെയ്യുന്നതാണ്. മലിനീകരണ നിയന്ത്രണ ബോർഡിലെ ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

128, 130, 131, 133, 135 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

128. ഖണ്ഡം 2(എ)-യിൽ, "ബോർഡ്" എന്ന വാക്കിനു പകരം "കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്" എന്നീ വാക്കുകളും "സംസ്ഥാന ബോർഡ്" എന്നീ വാക്കുകൾക്കുപകരം "കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്" എന്നീ വാക്കുകളും ചേർക്കുക.

130. ഖണ്ഡം 2(എ)-യിൽ, "കരുതപ്പെടുന്നതുമാണ്" എന്നതിന് പകരം "കരുതപ്പെടേണ്ടതാണ്" എന്നത് ചേർക്കുക.

135. ഖണ്ഡം 2(ഡി) ആയി താഴെപ്പറയുന്നത് ചേർക്കുക :

(ഡി) "സർക്കാർ" എന്നാൽ "കേരള സർക്കാർ" എന്നർത്ഥമാകുന്നു.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 3-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

136. (3)-ാം ഉപവകുപ്പിൽ "(1)-ാം " എന്ന അക്കത്തിനും ബ്രാക്കറ്റിനും ചിഹ്നങ്ങൾക്കും പകരം "(2)-ാം " എന്ന അക്കവും ബ്രാക്കറ്റും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

157. ഖണ്ഡം 3(2)ബി-യിൽ "നേരിട്ടുള്ള നിയമനംവഴി" എന്നതിന് പകരം "നേരിട്ടുള്ള നിയമനം ഉദ്യോഗക്കയറ്റം, തസ്തികമാറ്റം എന്നിവ വഴിയുള്ള നിയമനങ്ങൾ" എന്നു ചേർക്കുക.

170. ഖണ്ഡിക 3(3)-ൽ, "തങ്ങൾക്ക് റഫർ ചെയ്യുന്ന" എന്നതിനു പകരം "തങ്ങളുടെ ഉപദേശമോ നിർദ്ദേശമോ തേടുന്ന" എന്നു ചേർക്കുക.

138, 140, 141, 143, 144, 145, 149, 152, 154, 155, 156, 159, 160, 161, 165, 167, 169, 171, 172, 173, 174, 175, 176, 177, 178, 182, 184, 188, 189, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

141. ഖണ്ഡം 3(1)-ൽ, "നിയമനം വഴി" എന്നീ വാക്കുകൾക്ക് പകരം "നിയമനം നടത്തുന്നതിന്" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതിയും ഔദ്യോഗിക ഭേദഗതികളും സഭ അംഗീകരിച്ചു. മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ

ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

190. (എ) (1)-ാം ഉപവകുപ്പിൽ, "കൂടിയാലോചിച്ച്" എന്ന വാക്കിനു പകരം "കൂടിയാലോചിച്ച്, ഗസറ്റ് വിജ്ഞാപനം വഴി", എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

190 എ, 191, 192, 193, 194, 195, 196, 198, 199, 200, 203, 204, 205, 206 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

205. ഖണ്ഡം 4(3)-ൽ, " ചട്ടത്തിൻ കീഴിൽ" എന്നീ വാക്കുകൾക്ക് പകരം "ചട്ടപ്രകാരം" എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതിയും ഔദ്യോഗിക ഭേദഗതിയും സഭ അംഗീകരിച്ചു. മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ

ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

106, 107, 108, 109, 110, 111, 113, 114, 115, 116, 117, 120, 121, 123, 124, 126, 127 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): 2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): പ്രമേയത്തെ പിന്താങ്ങുന്നു.

2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## പ്രമേയം

### കാര്യോപദേശക സമിതി റിപ്പോർട്ടിലെ ഭേദഗതി

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): നാളെ സഭ പരിഗണിക്കാൻ തീരുമാനിച്ചിരുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള നഗര ഗ്രാമാസൂത്രണ ബില്ലിന്റെ പരിഗണന പ്രതിപക്ഷ കക്ഷിനേതാക്കളുടെ അപേക്ഷ പരിഗണിച്ച് മാറ്റിവയ്ക്കുന്നു. കാര്യോപദേശക സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ടിലെ ശിപാർശകൾ മേൽപ്പറഞ്ഞ രീതിയിൽ ഭേദഗതി ചെയ്യണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

## (2) 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): പ്രമേയത്തെ പിന്താങ്ങുന്നു.

## ക്രമപ്രശ്നം

### ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിലെ പിഴവ്

ശ്രീ. എ. കെ. ബാലൻ: 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബില്ലിലെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ, പിന്നോക്ക, ന്യൂനപക്ഷ സമുദായങ്ങൾക്ക് ലഭിച്ചുവരുന്ന സംവരണം, മുന്നോക്ക വിഭാഗങ്ങളിലെ യുവജനങ്ങളുടെ വിദ്യാഭ്യാസപരവും തൊഴിൽപരവുമായ സാധ്യതകളെ പരിമിതപ്പെടുത്തുന്നതാണ് എന്നുപറയുന്നുണ്ട്. ഭരണഘടനയിലെ ആർട്ടിക്കിൾ 46 പ്രകാരം എസ്.സി/എസ്.ടി. വിഭാഗത്തിന്

സാമൂഹിക നീതി ഉറപ്പുവരുത്തുന്നതിനും ചൂഷണത്തിൽ നിന്ന് സംരക്ഷണം നൽകുന്നതിനും വേണ്ടിയാണ് സംവരണം കൊണ്ടുവന്നിട്ടുള്ളത്. ഇതിനെ ചോദ്യം ചെയ്യുന്ന വിധത്തിലാണ് ബില്ലിലെ ഉദ്ദേശ്യകാരണങ്ങളിൽ പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് പ്രസ്തുത ഭാഗം നീക്കം ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ശ്രീ. എ. കെ. ബാലൻ ഉന്നയിച്ച ക്രമപ്രശ്നത്തോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. ഒരിക്കലും വരാൻ പാടില്ലാത്ത തെറ്റാണ് ഈ ബില്ലിൽ കടന്നുകൂടിയിരിക്കുന്നത്. ശ്രീ. എ. കെ. ബാലൻ നോട്ടീസ് നൽകുന്നതുവരെ ഇക്കാര്യം ആരുടെയും ശ്രദ്ധയിൽ വന്നിട്ടില്ല. അക്കാര്യം ശ്രദ്ധയിൽപ്പെട്ടയുടനെ തന്നെ തിരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അവശതയനുഭവിക്കുന്ന വിഭാഗങ്ങളുടെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി നിയോഗിക്കപ്പെട്ട ഗോപാല മേനോൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മുന്നോക്ക വിഭാഗങ്ങൾക്കായി ഒരു കമ്മീഷൻ രൂപീകരിക്കാൻ തീരുമാനിച്ചത്.

ശ്രീ. ജി. സുധാകരൻ: നിലവിലുള്ള അമ്പത് ശതമാനം സംവരണം തുടർന്നുകൊണ്ട് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്ക വിഭാഗങ്ങൾക്ക് പത്ത് ശതമാനം സംവരണം നൽകുന്നതിനായി ഭരണഘടന ഭേദഗതി ചെയ്യണമെന്ന അഭിപ്രായമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുള്ളത്.

ബില്ലിൽ തെറ്റായ പരാമർശം നടത്തിയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

മി. സ്പീക്കർ: ചെയർ ഇതുസംബന്ധിച്ച് പ്രത്യേക റൂളിംഗ് നൽകുന്നില്ല. ബിൽ തയ്യാറാക്കിയ നിയമ വകുപ്പിന് തെറ്റ് സംഭവിച്ചിട്ടുണ്ട്. മേലിൽ ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തണം.

ശ്രീ. കെ. രാധാകൃഷ്ണൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ തയ്യാറാക്കിയതിലെ പിഴവ് ഉദ്യോഗസ്ഥർ ബോധപൂർവ്വം വരുത്തിയതാണോയെന്ന് പരിശോധിക്കപ്പെടണം. മുന്നോക്ക-പിന്നോക്ക ജനവിഭാഗങ്ങൾക്കിടയിൽ നിലനിൽക്കുന്ന ഐക്യം തകർക്കുന്നതിനുള്ള ബോധപൂർവമായ ശ്രമമാണ് ഈ ബില്ലിന് പിന്നിലുള്ളത്. പിന്നോക്ക ജനവിഭാഗങ്ങൾക്ക് കിട്ടേണ്ട ആനുകൂല്യങ്ങളും സംവരണവും നിലനിർത്തിക്കൊണ്ട് മുന്നോക്ക ജനവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കമുള്ളവരെ സഹായിക്കുന്നതിന് പ്രത്യേക സംവരണം ഭരണഘടന ഭേദഗതി ചെയ്തുകൊണ്ട് നടപ്പാക്കണമെന്ന പ്രമേയം പാസ്സാക്കിയ സഭയാണിത്. എന്നാൽ അതിനനുകൂലമായ നിലപാട് സ്വീകരിക്കാൻ മാറിമാറിവന്ന കേന്ദ്ര സർക്കാരുകൾ തയ്യാറായിട്ടില്ല. മുന്നോക്ക കമ്മീഷൻ രൂപീകരിച്ചതുകൊണ്ടുമാത്രം മുന്നോക്കവിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ

താല്പര്യം സംരക്ഷിക്കപ്പെടില്ല. പ്രത്യേക വിഭാഗങ്ങൾക്കുവേണ്ടി രൂപീകരിക്കപ്പെട്ടിട്ടുള്ള കമ്മീഷനുകളുടെ പ്രവർത്തനംകൊണ്ട് ആ വിഭാഗങ്ങൾക്ക് എന്തെങ്കിലും നേട്ടമുണ്ടായിട്ടുണ്ടോ എന്ന കാര്യം പഠനവിധേയമാക്കേണ്ടതാണ്. സംവരണത്തിനുള്ള മാനദണ്ഡം സാമൂഹ്യമായ അവസ്ഥയാകണം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള പദ്ധതികളെ സംബന്ധിച്ച് ചർച്ചയുണ്ടാകണം. ബിൽ തത്വത്തിൽ അംഗീകരിക്കുന്നു.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരിക എന്ന ലക്ഷ്യം മുൻനിറുത്തിയാണ് സംവരണം എന്ന കാഴ്ചപ്പാട് ഭരണഘടനയിൽ രൂപപ്പെട്ടത്. ലോകത്തിനുതന്നെ മാതൃകയായതും എല്ലാ വിഭാഗം ജനങ്ങൾക്കും തുല്യനീതി വിഭാവനം ചെയ്യുന്നതുമായ ഇന്ത്യൻ ഭരണഘടനയെ ചോദ്യം ചെയ്യുന്ന ബില്ലാണിത്. മുന്നോക്ക വിഭാഗത്തിന്റെ ക്ഷേമത്തിനും സാമ്പത്തിക ഉന്നമനത്തിനും മാത്രമായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ശ്രമിക്കുന്നത് ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങളെ വെല്ലുവിളിക്കലാണ്. മുന്നോക്ക സമുദായത്തിൽപ്പെട്ട സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ ഉന്നമനത്തിനായി സർക്കാരിന്റെ ഭാഗത്തുനിന്ന് സംവരണം

ഉൾപ്പെടെയുള്ള സംരക്ഷണ പദ്ധതികൾ ഉണ്ടാകേണ്ടതാണ്. എന്നാൽ സാമൂഹികമായി മുന്നോക്കമായിരിക്കുമ്പോഴും സാമ്പത്തിക അസമത്വംകൊണ്ട് പാർശ്വവത്ക്കരിക്കപ്പെട്ടവരെ സംരക്ഷിക്കാൻ വ്യവസ്ഥയില്ലാത്ത ഈ ബിൽ നിയമമായാൽ അത് ഉപയോഗശൂന്യമാകും.

<u>ശ്രീമതി കെ. എസ്. സലീഖ:</u> വിയോജിപ്പ് രേഖപ്പെടുത്തുന്നു. സാമുദായിക സംവരണത്തിന്റെ അടിസ്ഥാനം പ്രൊഫഷണൽ ട്രീറ്റ്മെന്റാണ്. സാമൂഹികമായി അവശരായ സമുദായങ്ങളിൽപ്പെടുന്നവർക്ക് സംവരണം ഏർപ്പെടുത്തണമെന്നുള്ളത് ദേശീയ പ്രസ്ഥാനത്തിന്റേയും ഉത്തരവാദിത്ത ഭരണകൂടങ്ങളുടെയും കാലഘട്ടത്തിൽ വളർന്ന് പന്തലിച്ച ആവശ്യമായിരുന്നെങ്കിലും രാജ്യത്ത് നിലനിൽക്കുന്ന ഇത്തരം സംവരണ വ്യവസ്ഥയ്ക്കെതിരെ പുതിയ വെല്ലുവിളികൾ ഉയർന്നുവരുന്ന സാഹചര്യം നിലവിലുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്ക സമുദായക്കാരുടെ നിലവിലെ അവസ്ഥ ബില്ലിൽ പരാമർശിച്ചിട്ടില്ല. ജീവിതച്ചെലവുകൾ ദുസ്സഹമായി കുതിച്ചുയരുന്ന സാഹചര്യത്തിൽ മുന്നോക്ക സമുദായത്തിൽപ്പെട്ട സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സംവരണം നൽകേണ്ടത് ആവശ്യമാണ്. മുന്നോക്ക വിഭാഗങ്ങളിലെ പാർശ്വവത്ക്കരിക്കപ്പെട്ടവർക്ക് യാതൊരു പരിഗണനയും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടില്ല. മുന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ ഉന്നമനമാണ് ബില്ലിലൂടെ ലക്ഷ്യമിടുന്നതെങ്കിൽ

സാമ്പത്തിക ശാസ്ത്രജ്ഞരെയോ രാഷ്ട്രീയ നേതാക്കളെയോ ചെയർമാനായി വയ്ക്കുന്നതാണ് ഉചിതം.

<u>ശ്രീ. ആർ. രാജേഷ്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ദിശാബോധമില്ലാത്ത ബില്ലാണ് അവതരിപ്പിച്ചിരിക്കുന്നത്. മുന്നോക്ക ജനവിഭാഗത്തിലെ പിന്നോക്കം നിൽക്കുന്ന ആളുകളെക്കുറിച്ച് ബില്ലിൽ പരാമർശമുണ്ടായിട്ടില്ല. പാർശ്വവത്ക്കരിക്കപ്പെട്ട ആളുകൾക്ക് പരിഗണന നൽകാത്ത ബിൽ നിയമമായാൽ ഉദ്ദേശിക്കുന്ന പ്രയോജനം ലഭിക്കുമെന്ന് കരുതുന്നില്ല. സംവരണത്തിലൂടെ മാത്രം മുന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ പ്രശ്നങ്ങൾ അവസാനിക്കണമെന്നില്ല. സാമൂഹ്യമായ പിന്നാക്കാവസ്ഥകൂടി പരിഗണിച്ചാണ് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സംവരണാനുകൂല്യം നൽകിവരുന്നത്. സാമൂഹ്യമായും സാമ്പത്തികമായും മുന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്കൊപ്പം പുരോഗമിക്കുന്നതിനുവേണ്ടി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭരണഘടനാപരമായി നൽകിവരുന്ന കൈത്താങ്ങാണ് സംവരണം. മുന്നോക്ക ജനവിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നൽക്കുന്ന ആളുകൾക്കുകൂടി പത്ത് ശതമാനം സംവരണം നൽകിയാൽ മാത്രമേ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് അവരെ കൊണ്ടുവരാൻ കഴിയൂവെന്ന യാഥാർത്ഥ്യം നാം തിരിച്ചറിയണം. 'പട്ടികജാതി-പട്ടികവർഗ്ഗ/പിന്നോക്ക/ന്യൂനപക്ഷ സമുദായങ്ങൾക്ക് ലഭിച്ചുവരുന്ന

സംവരണം മുന്നോക്ക വിഭാഗങ്ങളിലെ യുവജനങ്ങളുടെ വിദ്യാഭ്യാസവും തൊഴിൽപരവുമായ സാധ്യതകളെ പരിമിതപ്പെടുത്തുന്നതാണ് എന്ന ബില്ലിലെ സ്റ്റേറ്റ്മെന്റ് ഒഴിവാക്കിയതിനെ സ്വാഗതം ചെയ്യുന്നു. ഗൗരവതരമായ ഈ സ്റ്റേറ്റ്മെന്റ് ബില്ലിൽ കടന്നുകൂടിയതെങ്ങനെ എന്ന് പരിശോധിച്ച് ഇതിനു പിന്നിൽ പ്രവർത്തിച്ചവരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഭരണരംഗത്തും രാഷ്ട്രീയരംഗത്തും വിദ്യാഭ്യാസരംഗത്തും ഉന്നതരായി നിൽക്കുന്ന വ്യക്തിയെ ചെയർപേഴ്സൺ സ്ഥാനത്തേയ്ക്ക് നിയമിക്കണം. മുന്നോക്ക കമ്മീഷൻ ബിൽ ആത്യന്തികമായി മുന്നോക്ക ജനവിഭാഗങ്ങളിലെ സാധാരണക്കാരായ ആളുകളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്നതല്ല.

ശ്രീ. കെ. സുരേഷ് കുറുപ്പ്: 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഒരു മരീചിക സൃഷ്ടിക്കാൻ മാത്രമേ ഈ ബിൽ ഉതകൂ. വിവിധ മേഖലകളിൽ പുരോഗതി ഉണ്ടാകുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്താൽ മാത്രമേ എല്ലാ വിഭാഗങ്ങൾക്കും തൊഴിൽ ലഭ്യമാകൂ. സംവരണാനുകൂല്യങ്ങൾ നൽകിയിട്ടും സമൂഹത്തിലെ ഉയർന്ന സ്ഥാനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം ഇപ്പോഴും കുറവാണ് എന്ന വസ്തുത നാം തിരിച്ചറിയണം. കരാർ തൊഴിലാളികളുടെ നിയമനത്തിൽ

സംവരണം പാലിക്കപ്പെടുന്നില്ല. മാറിമാറി വരുന്ന സർക്കാരുകൾ സ്വീകരിക്കുന്ന തെറ്റായ നയസമീപനത്തിന്റെ ഫലമായി തൊഴിലില്ലായ്മ വർദ്ധിച്ചുവരുന്നു. കുമാരപിള്ള കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കണം.

<u>ശ്രീ. പി.സി. വിഷ്ണുനാഥ്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്ക് വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. എല്ലാ ജനവിഭാഗങ്ങൾക്കും തുല്യനീതി ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. മുന്നോക്ക സമുദായത്തിലെ പാവപ്പെട്ടവർക്കായി മുന്നോക്ക സമുദായ കോർപ്പറേഷൻ രൂപീകരിച്ചതിന് പുറമെ ഹൈസ്കൂൾ തലം മുതലുള്ള വിദ്യാർത്ഥികൾക്കായി നിരവധി സ്കോളർഷിപ്പുകൾ ഏർപ്പെടുത്തിയതും ഈ സർക്കാരാണ്. വിദ്യാ സമുന്നതി, സംരംഭ സമുന്നതി, നൈപുണ്യ സമുന്നതി എന്നീ പദ്ധതികൾ ആരംഭിച്ചതിന് പുറമെ ഈ വിഭാഗത്തിലെ നവാഗത സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് 6 ലക്ഷം രൂപവരെ വായ്പ നൽകിയതും എടുത്തുപറയേണ്ട കാര്യങ്ങളാണ്. ഉദ്യോഗാർത്ഥികൾക്ക് ഇംഗ്ലീഷ് ഭാഷായിലുൾപ്പെടെ പരിശീലനം നൽകി ജോബ് ഫെയറുകൾ സംഘടിപ്പിച്ച് 50 ശതമാനത്തിലധികം ആളുകൾക്ക് പ്ലേസ്മെന്റ്

നൽകിയത് ഈ വിഭാഗത്തോടുള്ള സർക്കാരിന്റെ പ്രതിബദ്ധതയെയാണ് കാണിക്കുന്നത്. സിൻഹ കമ്മീഷൻ റിപ്പോർട്ട് യാഥാർത്ഥ്യമാക്കുകയും മുന്നോക്ക സമുദായത്തിലെ പാവപ്പെട്ടവർക്കായി കേന്ദ്ര മുന്നോക്ക സമുദായ കോർപ്പറേഷൻ രൂപീകരിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുകയും വേണം. മുന്നോക്ക സമുദായത്തിൽ ഉൾപ്പെട്ട ഭൂരഹിതരും ഭവനരഹിതരുമായവർക്ക് അവ നൽകുന്നതിന് നടപടി സ്വീകരിക്കണം. പിന്നോക്ക സമുദായങ്ങൾക്കായി ക്ഷേമപദ്ധതികളും വിദ്യാഭ്യാസ സംവരണവും എയ്ഡഡ് കോളേജുകളുമൊക്കെ കൊണ്ടുവരാൻ കഴിഞ്ഞത് സർക്കാരിന്റെ നേട്ടമാണ്. പിന്നോക്കക്കാർക്കും ഭൂരിപക്ഷ സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും കാലാകാലങ്ങളായി നിഷേധിച്ച അവകാശങ്ങളും അർഹതപ്പെട്ട ആനുകൂല്യങ്ങളും വിതരണം ചെയ്യാൻ കഴിയുമെന്നുള്ള നിശ്ചയദാർഢ്യത്തോടുകൂടിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്.

ശ്രീ. വി.എസ്. സുനിൽകുമാർ: ഭേദഗതിയെ അനുകൂലിക്കുന്നു. ഈ ബിൽ ഭരണഘടനാവിരുദ്ധമാണ്. ഈ ബില്ലിൽ ഭരണഘടനാവിരുദ്ധമായ ക്ലാസുകൾ ഉണ്ടോയെന്നത് നിയമവകുപ്പും ബിൽ പൈലറ്റ് ചെയ്ത മന്ത്രിയും പരിശോധിച്ചിട്ടില്ല. ഇത്തരമൊരു ബിൽ നിയമസഭയുടെ ചരിത്രത്തിലിതുവരെയും അവതരിപ്പിച്ചിട്ടില്ല. ബി.ജെ.പി.യുടെ സംവരണ വിരുദ്ധ നയമാണ് ഇതിൽ തെളിഞ്ഞുകാണുന്നത്.

സഹസ്രാബ്ദങ്ങളായി ഇന്ത്യയിൽ നിലനിന്നിരുന്ന ചാതുർവർണ്യ വ്യവസ്ഥയുടെ ഫലമായാണ് സാമൂഹ്യ പിന്നോക്കാവസ്ഥ സംസ്ഥാനത്ത് സംജാതമായത്. നവോത്ഥാന നായകന്മാർ നടത്തിയ ഐതിഹാസിക സമരത്തിലൂടെയാണ് ഹിന്ദു ജനവിഭാഗത്തിലെ പിന്നോക്കക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്താൻ സാധിച്ചത്. ഇതിൽ ആർ.എസ്.എസ്.-നും ബി.ജെ.പി.-ക്കും യാതൊരു പങ്കുമില്ല. എന്നാൽ കാലാന്തരത്തിൽ മുന്നോക്കക്കാരായ പലരും സാമ്പത്തികമായി പിന്നോക്കം പോകുകയുണ്ടായി. കേരളത്തിലെ പട്ടികജാതിക്കാർ പല അവകാശങ്ങളും നേടിയെടുത്തതിനാൽ പിന്നീട് അവർക്ക് പീഡനങ്ങൾ അനുഭവിക്കേണ്ടതായി വന്നില്ല. കമ്മ്യൂണിസ്റ്റുകാരെ മതന്യൂനപക്ഷ സംരക്ഷകരെന്ന് പറയുന്നത് വർഗ്ഗ സമരത്തിന്റെ ഫലമായാണ്. ഈ ബിൽ ഭരണഘടനയുടെ അന്ത:സത്തയ്ക്കും ജനാധിപത്യ തത്വങ്ങൾക്കും വിരുദ്ധമാണ്. സവർണ്ണവിഭാഗത്തിലെ പിന്നോക്കം നിൽക്കുന്നവർക്ക് സഹായം നൽകുന്നതിലൂടെ സാമൂഹ്യമാറ്റമുണ്ടാക്കുന്നതിനുള്ള ഒരു നിയമനിർമ്മാണം നടത്തുന്നതിനുപകരം സമൂഹത്തിൽ സ്പർദ്ധവളർത്തുന്ന തരത്തിലുള്ള ബില്ലാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ ലക്ഷ്യമിട്ടുകൊണ്ട് രൂപീകരിക്കുന്ന കമ്മീഷന്റെ പ്രവർത്തനം ഫലപ്രദവും കാര്യക്ഷമവുമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

സാമൂഹ്യമാറ്റത്തിനുവേണ്ടി ജാതി തിരിച്ച് കമ്മീഷനുകൾ കൊണ്ടുവരുന്നതിനേക്കാൾ ജാതി-മതഭേദമെന്യേ ഒരുമിച്ച് പോരാടുന്നതിനുള്ള ആത്മാർത്ഥമായ ശ്രമവും നേതൃത്വവുമാണ് വേണ്ടത്.

<u>ശ്രീ. കെ. മുരളീധരൻ</u>: ഭേദഗതികളെ അനുകൂലിക്കുന്നു. മുന്നാക്കസമുദായങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ ഉന്നമനത്തിനുവേണ്ടിയാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ഭരണഘടനയിൽ ഭേദഗതി വരുത്തി സംവരണ മാനദണ്ഡത്തിൽ മാറ്റം വരുത്താൻ കേന്ദ്ര സർക്കാർ തയ്യാറാകണം. കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുള്ള സിൻഹ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കണം. മുന്നോക്ക വികസന കോർപ്പറേഷനും മുന്നോക്കവികസന കമ്മീഷനും പരിമിതമായ അധികാരപരിധിക്കുള്ളിൽ നിന്നുകൊണ്ട് പൂർണ്ണമായും മുന്നോക്കവിഭാഗത്തിലെ അർഹരായിട്ടുള്ളവർക്കുവേണ്ടിയാണ് പ്രവർത്തിക്കുന്നത്. പിന്നോക്ക സമുദായക്കാരുടെ മാത്രമല്ല മുന്നോക്ക സമുദായക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിലും ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് അർഹമായ സഹായം കിട്ടാൻ ഉദ്ദേശിച്ചുകൊണ്ടാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ക്ഷേത്രങ്ങളിൽ ഉത്സവങ്ങളും മറ്റും നടത്തുന്നതിന് കമ്മിറ്റികളുണ്ട്. ദേവസ്വം ഫണ്ട്

ദുർവിനിയോഗം ചെയ്യപ്പെടുന്നുവെന്ന പ്രചരണങ്ങൾക്ക് തടയിടണം. കേരളത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് ദേവസ്വം ബോർഡിന് പണം കൊടുക്കണമെന്ന് ഭരണഘടനയിൽ വ്യവസ്ഥയുണ്ട്. ശബരിമല ക്ഷേത്രത്തിലേക്കുള്ള റോഡ് നവീകരണത്തിനും ശ്രീപത്മനാഭ സ്വാമി ക്ഷേത്ര സ്വത്ത് സംരക്ഷിക്കുന്നതിനും സർക്കാർ ദേവസ്വം ബോർഡിന് ഗ്രാന്റ് കൊടുക്കുന്നുണ്ട്. ദേവസ്വം ഫണ്ട് ന്യൂനപക്ഷങ്ങൾക്ക് കൊടുക്കുന്നുവെന്ന് പ്രചരണം നടത്തി രാഷ്ട്രീയ രംഗത്തേക്ക് കടന്നുവരാനുള്ള ബി.ജെ.പി.യുടെ ശ്രമം തടയാനും യാഥാർത്ഥ്യം ജനങ്ങളെ ബോധ്യപ്പെടുത്താനും ഈ നിയമം സഹായിക്കും. ഭൂരിപക്ഷ സമുദായത്തിലെ പാവപ്പെട്ടവരെ ലക്ഷ്യമാക്കി മുന്നോട്ടുനീങ്ങേണ്ട സന്ദർഭത്തിൽ ഇത്തരത്തിലൊരു ബിൽ കൊണ്ടുവരേണ്ടത് തികച്ചും അത്യാവശ്യമാണ്. മുന്നോക്ക സമുദായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ സംരക്ഷിക്കാനുതകുന്ന വിധത്തിലുള്ള വ്യവസ്ഥകളാണ് ഈ ബില്ലിൽ ഉൾക്കൊണ്ടിരിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സാമൂഹ്യനീതി ഉറപ്പുവരുത്തി ദളിത് വിഭാഗങ്ങൾക്ക് കൊടുത്തുകൊണ്ടിരിക്കുന്ന സംവരണത്തേയും പിന്തുണയേയും ബാധിക്കാത്ത തരത്തിൽ മുന്നോക്ക സമുദായത്തിലെ പിന്നോക്കക്കാർക്ക് സഹായം കൊടുക്കുന്നതിനാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. ഈ നിയമത്തെക്കുറിച്ച് ആർക്കും ഒരു വിധത്തിലുള്ള ആശങ്കയും വേണ്ട. ബില്ലിന്റെ

ഉദ്ദേശ്യകാരണങ്ങളിൽവന്ന തെറ്റ് ശ്രദ്ധയിൽപ്പെട്ടുത്തിയ ഉടൻതന്നെ തിരുത്തിയിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന സംവരണ ആനുകൂല്യങ്ങളെ ഒരു വിധത്തിലും ബാധിക്കാത്ത തരത്തിൽ സർക്കാർ കോളേജുകളിലും യൂണിവേഴ്സിറ്റികളിലും ബിരുദ, ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്ക സമുദായത്തിലെ വിദ്യാർത്ഥികൾക്ക് പത്തുശതമാനം സംവരണം ഏർപ്പെടുത്തുകയും അത് കേരളത്തിൽ വിജയകരമായി നടപ്പിലാക്കുകയും ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കായി മൂന്ന് കോളേജുകളാണ് അനുവദിച്ചത്. അതിൽ രണ്ട് കോളേജുകൾക്ക് സ്ഥലമില്ലാത്തതിനാൽ സർക്കാർ വക സ്ഥലം അനുവദിക്കുകയും മറ്റൊന്നിന് കെട്ടിടം നിർമ്മിക്കാൻ ഒരു കോടി രൂപ അനുവദിക്കുകയും ചെയ്തു. വിദ്യാഭ്യാസത്തിലൂടെ മാത്രമേ ശാശ്വതമായ പുരോഗതി കൈവരിക്കാൻ സാധിക്കുകയുള്ളൂ. എല്ലാ വിഭാഗക്കാർക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടാകണം എന്നതാണ് സർക്കാരിന്റെ ആഗ്രഹം. ഇന്ത്യയിലാദ്യമായി പട്ടികജാതിക്കാർക്കായി ഒരു മെഡിക്കൽ കോളേജ് അനുവദിച്ചു. എയ്ഡഡ് സ്കൂളുകളിലും കോളേജുകളിലും റിസർവേഷൻ നടപ്പിലാക്കുന്നതിന് ചില പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭൂരിപക്ഷവും മൈനോരിറ്റി

സ്ഥാപനങ്ങളാണ്. മൈനോരിറ്റി റൈറ്റ്സിനെക്കുറിച്ച് വ്യക്തമായ സുപ്രീം കോടതി വിധിയും റെക്കഗ്നൈസ്ഡ് സ്കൂളുകളിൽ ഫീസ് നിയന്ത്രിക്കുന്നതിന് വ്യക്തമായ ചട്ടങ്ങളുമുണ്ട്. ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് അത് ബാധകമല്ല. അവർ തുച്ഛമായ ഫീസ് വാങ്ങുമ്പോൾ അതിനനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ മാത്രമേ ഏർപ്പെടുത്താൻ സാധിക്കുകയുള്ളൂ. ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

129, 130, 131, 131 എ, 132, 133, 134, 135, 139, 140, 141 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

142, 143, 144, 146, 147, 148, 149, 150, 151, 153 എ, 157, 158, 159, 161, 163, 165, 167, 168, 169, 170, 172, 174, 175, 178, 180, 181, 182 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

143. ഖണ്ഡം 3-ൽ, "മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള എന്നീ വാക്കുകൾ കാണപ്പെടുന്നിടങ്ങളിലെല്ലാം" എന്നതിന് പകരം "മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു വേണ്ടിയുള്ള" എന്നീ വാക്കുകൾ ചേർക്കുക.

മുഖ്യമന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>4-ാം വകുപ്പ്</u>

186, 189, 191, 193, 195, 197, 198, 201, 202, 205, 206, 207, 208, 210, 210 എ, 211, 214, 216, 217, 218, 219, 222, 224, 225 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

226, 227, 228, 233, 236, 237, 238, 242, 244 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

246, 247 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ

പിൻവലിക്കുകയോ ചെയ്തു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>7-ാം വകുപ്പ്</u>

248-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>8-ാം വകുപ്പ്</u>

250, 251, 252, 252 എ, 253, 255, 256, 257, 258, 259 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

256. ഖണ്ഡം 8(3)-ൽ, "മെമ്പർ-സെക്രട്ടറിയോ മെമ്പർ-സെക്രട്ടറി " എന്നത് "മെമ്പർ സെക്രട്ടറിയോ, മെമ്പർ സെക്രട്ടറി" എന്ന് മാറ്റുക.

മുഖ്യമന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 8-ാം എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>9-ാം വകുപ്പ്</u>

260, 261, 263, 265, 266, 267, 268, 269, 270, 271, 272, 273, 275, 276, 280, 282, 283, 284, 285, 286, 288, 289, 290, 291, 292, 293, 294, 296, 297, 298, 300, 301, 304, 305, 307, 308, 309, 310, 312, 313, 314, 315, 317, 320, 321, 322, 323, 326, 327 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മുഖ്യമന്ത്രി സ്വീകരിച്ചു.

308. ഖണ്ഡം 9(ജി)-യിൽ, "അനുയോജ്യമായ" എന്നതിനു പകരം "യുക്തമായ" എന്നത് ചേർക്കുക.

മുഖ്യമന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>10-ാം വകുപ്പ്</u>

328, 329, 330, 332 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>11-ാം വകുപ്പ്</u>

334, 335, 336, 337 എ എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>12-ാം വകുപ്പ്</u>

339, 340, 341, 343, 344, 345, 346, 347, 348, 350, 351, 353 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>13-ാം വകുപ്പ്</u>

354, 355, 357, 358 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

354. ഖണ്ഡം 13-ൽ "ആളുകൾ" എന്ന് എവിടെയെല്ലാം ഉപയോഗിച്ചിരിക്കുന്നുവോ അവിടെയെല്ലാം "വ്യക്തികൾ" എന്നു ചേർക്കുക.

മറ്റു ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>14-ാം വകുപ്പ്</u>

359, 360, 361, 363, 364 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

360. ഖണ്ഡം 14-ൽ "ആളുകളെ" എന്ന് ഉപയോഗിച്ചിരിക്കുന്നിടത്തെല്ലാം "വ്യക്തികളെ" എന്ന് ചേർക്കുക.

മറ്റു ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>15-ാം വകുപ്പ്</u>

365, 366, 367, 368 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>16-ാം വകുപ്പ്</u>

369-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>17-ാം വകുപ്പ്</u>

370-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

18-ാം വകുപ്പ്

371, 372 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

19-ാം വകുപ്പ്

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

20-ാം വകുപ്പ്

373, 374, 375, 376, 377, 378, 379, 381 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

20-ാം വകുപ്പിന് ശേഷമുള്ള പുതിയ വകുപ്പ്

382-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മുഖ്യമന്ത്രി 382-ാം നമ്പർ ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു.

ബില്ലിലെ ഇരുപതാം ഖണ്ഡം ഇരുപത്തിയൊന്നാം ഖണ്ഡമായി പുനരക്കം ചെയ്യേണ്ടതും അങ്ങനെ പുനരക്കം ചെയ്ത ഇരുപത്തിയൊന്നാം ഖണ്ഡത്തിന് മുമ്പായി താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതുമാണ്.

" 20. ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം:- ഈ ആക്ട് പ്രകാരം ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് കമ്മീഷനിലെ ഏതെങ്കിലും അംഗങ്ങൾക്കോ മറ്റ് ഉദ്യോഗസ്ഥർക്കോ ജീവനക്കാർക്കോ എതിരായി യാതൊരു വ്യവഹാരമോ നിയമനടപടികളോ നിലനിൽക്കുന്നതല്ല."

ഭേദഗതി ചെയ്ത പ്രകാരമുള്ള 20-ാം വകുപ്പിന് ശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 20-ാം വകുപ്പിന് ശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>21-ാം വകുപ്പ്</u>

384, 385, 386, 387 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>22-ാം വകുപ്പ്</u>

388-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

107, 108, 109, 110, 111, 112, 113, 114, 115, 116, 120, 121, 122, 124, 124 എ, 125, 126, 127, 128 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എ. കെ. ബാലൻ: മുന്നോക്ക വിഭാഗത്തിലെ പാവപ്പെട്ടവർക്ക് സംവരണം നൽകണമെന്ന് ശുപാർശ ചെയ്യാനുള്ള അധികാരംപോലും ഈ കമ്മീഷനില്ല. തെരഞ്ഞെടുപ്പ് മുൻനിർത്തി മുന്നോക്ക വിഭാഗങ്ങൾക്ക് പ്രതീക്ഷ നൽകി പ്രീണിപ്പിക്കാനുള്ള സർക്കാരിന്റെ ശ്രമമാണ് ഈ ബില്ലിന് പിന്നിലുള്ളത്. ഈ കമ്മീഷൻ രൂപീകരിക്കുന്നതുകൊണ്ട് മുന്നോക്കവിഭാഗങ്ങൾക്ക് യാതൊരു പ്രയോജനവുമുണ്ടാകില്ല.

2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

<u>മി. സ്പീക്കർ</u>: കാര്യപരിപാടിയനുസരിച്ച് 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ കൂടി ഇന്ന് പരിഗണിക്കേണ്ടതുണ്ടെങ്കിലും സമയം വൈകിയതിനാൽ സഭയുടെ പൊതുഅഭിപ്രായം മാനിച്ച് നാളത്തെ ആദ്യ ബില്ലായി അത് പരിഗണനയ്ക്കെടുക്കുന്നതാണ്.

(സഭ രാത്രി 8.53-ന് പിരിഞ്ഞു.)

******